# മലങ്കര ഓർത്തഡോക്സ് സുറിയാനി സഭ

MALANKARA ORTHODOX SYRIAN CHURCH

MY LORD AND MY GOD

Vol. 08 No. 26 THE ONLINE OFFICIAL NEWS BULLETIN 2025 June 26


SEASON OF PENTECOST പെന്തിക്കോസ്തികാലം ܥܕܢܐ ܕܦܢܛܩܘܣܛܝ

| ܚܕܒܫܒܐ SUNDAY | ܬܪܝܢ ܒܫܒܐ MONDAY | ܬܠܬܐ ܒܫܒܐ TUESDAY | ܐܪܒܥܐ ܒܫܒܐ WEDNESDAY | ܚܡܫܐ ܒܫܒܐ THURSDAY | ܥܪܘܒܬܐ FRIDAY | ܫܒܬܐ SATURDAY |
|---|---|---|---|---|---|---|
| 29 — 3rd Sunday after Pentecost; ✠ Feast of St. Peter and St. Paul — 5 | 30 — Feast of the Twelve Apostles — 8 | 1 — 2 | 2 — 6 | 3 — ✠ Dukrono d-Thomo Comme. of St. Thomas the Apostle — 8 | 4 — 6 | 5 — 72 Evangelists; 216th Mem. of Marthoma VII (Kolenchery Palli) — 2 |

## മധ്യപൂർവ്വദേശത്ത് സമാധാനം പുലരണം: പ. കാതോലിക്കാ ബാവാ

കോട്ടയം: മധ്യപൂർവദേശത്തു സമാധാനം പുലരണമെന്ന് പരിശുദ്ധ ബസേലിയോസ് മാർത്തോമ്മാ മാത്യൂസ് തൃതീയൻ കാതോലിക്കാ ബാവാ. ഇസ്രയേൽ – ഇറാൻ സംഘർഷത്തെ ആശങ്കയോടെയാണ് ലോകം ഉറ്റുനോക്കുന്നത്. മധ്യപൂർവ്വദേശത്തെ മനുഷ്യർ നേരിടേണ്ടി വരുന്ന സംഘർഷങ്ങളും, യുദ്ധം സൃഷ്ടിക്കുന്ന അസമാധാനവും സമാധാനകാംക്ഷികളായ മനുഷ്യസമൂഹത്തെ ഒന്നടങ്കം ഭയപ്പെടുത്തുന്നതാണ്. യുദ്ധത്തിൽ ചൊരിയുന്ന ചോരയും, പൊലിയുന്ന ജീവനും മനുഷ്യരുടേതാണെന്ന കാര്യം മറക്കരുത്. എല്ലാ യുദ്ധവും അനാഥത്വവും, വേദനയും, സാമ്പത്തിക അരക്ഷിതാവസ്ഥയും മാത്രമാണ് സൃഷ്ടിക്കുന്നത്. നഷ്ടപ്പെടുന്ന ഒരു ജീവനും തിരികെ നൽകാൻ യുദ്ധം ആഹ്വാനം ചെയ്യുന്നവർക്ക് കഴിയില്ല. നയതന്ത്ര ചർച്ചകളിലൂടെ സമാധാനം പുനഃസ്ഥാപിക്കണം.

സിറിയയിൽ ആരാധനാലയം കേന്ദ്രീകരിച്ച് നടന്ന ചാവേറാക്രമണവും നടുക്കുന്നതാണ്. വിശുദ്ധ കുർബാനയിൽ പങ്കെടുത്തുകൊണ്ടിരുന്ന ഇരുപതോളം വിശ്വാസികളാണ് കൊല്ലപ്പെട്ടത്. നിരവധിയാളുകൾക്ക് പരുക്കേറ്റു. ആക്രമണങ്ങൾ ഏതുവിധത്തിലുള്ളതായാലും അവയെല്ലാം അപലപനീയമാണ്. ആവർത്തിക്കപ്പെടാൻ പാടില്ലാത്തതാണ്. മനുഷ്യജീവിതത്തിന്റെ മൂല്യമാണ് മറ്റെന്തിനേക്കാളും വലുത് എന്ന് തിരിച്ചറിയുന്ന ഒരു ലോകക്രമത്തിനായി പ്രാർത്ഥിക്കുന്നു എന്ന് പരിശുദ്ധ കാതോലിക്കാ ബാവാ പറഞ്ഞു.



**അഹമ്മദാബാദ് വിമാന?ദുരന്തത്തിൽ മരണപ്പെട്ട പത്തനംതിട്ട പുല്ലാട് സ്വദേശിനി രഞ്ജിത ആർ. നായരുടെ ഭൗതികശരീരത്തിൽ മലങ്കര ഓർത്തഡോക്സ് സുറിയാനി സഭയ്ക്ക് വേണ്ടി അസോസിയേഷൻ സെക്രട്ടറി അഡ്വ. ബിജു ഉമ്മൻ പുഷ്പചക്രം സമർപ്പിച്ചു.**



**ഓസ്ട്രേലിയയിലെ വിക്ടോറിയൻ പാർലമെന്റ് സമ്മേളനത്തിൽ ക്ഷണിക്കപ്പെട്ട അതിഥിയായി കേരള ആരോഗ്യ വകുപ്പ് മന്ത്രി വീണാ ജോർജ് പങ്കെടുത്തു. ഗവ. ചീഫ് വിപ്പ് ലീ ടാർലാമിസ് പുരസ്കാരം സമ്മാനിച്ചു. വിക്ടോറിയൻ പ്രീമിയർ ജസിന്ത അലൻ, ഡെപ്യൂട്ടി പ്രീമിയർ ബെൻ കാരോൾ, ടൂറിസം മന്ത്രി സ്റ്റീവൻ ഡിംപൂലോസ്, ആരോഗ്യ മന്ത്രി മേരി ആൻ തോമസ് എന്നിവരുമായി വീണാ ജോർജ് കൂടിക്കാഴ്ച നടത്തി.**



**പുതുശ്ശേരി എം.ജി.ഡി. ഹൈസ്കൂളിൽ വായനാദിനത്തോടനുബന്ധിച്ച് വിദേശ ഭാഷാ ശില്പശാല നടത്തി. കാതോലിക്കേറ്റ് ആൻഡ് എം.ഡി. സ്കൂൾ കോർപ്പറേറ്റ് മാനേജർ ഡോ. ഗബ്രിയേൽ മാർ ഗ്രിഗോറിയോസ് മെത്രാപ്പോലീത്താ ശില്പശാല ഉദ്ഘാടനം ചെയ്തു.**

### നസ്രാണി സംഗമം പഴയസെമിനാരിയിൽ ജൂലൈ 11–ന്

കോട്ടയം: കേരള നവോത്ഥാന നായകൻ പുലിക്കോട്ടിൽ ജോസഫ് മാർ ദീവന്നാസ്യോസ് രണ്ടാമന്റെ ഓർമ്മദിനത്തിൽ അദ്ദേഹം ആരംഭം കുറിച്ച സഭയുടെ കാതോലിക്കേറ്റ് ആൻഡ് എം.ഡി. സ്കൂളുകളിലെ ജീവനക്കാർ പഴയസെമിനാരിയിൽ സമ്മേളിക്കുന്നു. പ. കാതോലിക്കാ ബാവാ സമ്മേളനം ഉദ്ഘാടനം ചെയ്യും.


Published by Dr. Yuhanon Mar Diascoros Metropolitan on behalf of MOSC Media Department

ചരിത്രരേഖകൾ

# പ. ഗീവർഗീസ് രണ്ടാമൻ ബാവായുടെ കല്പനബുക്ക് (1935)

144/14-10-110. കയ്പടയ്ക്കൽ തോമസു കത്തനാർക്ക്,

പ്രിയനെ, നമ്മുടെ പറങ്കിമാംമൂട്ടിൽ യോഹന്നാൻ കത്തനാരെ നാം തിരികെ സ്വീകരിച്ചു തലവൂർ പള്ളിവികാരിയായി നിയമിച്ചിരിക്കുന്നു. വേറൊരു നിയമനം ഉണ്ടാകുന്നതുവരേയ്ക്കും തനിക്കു തലവൂർ പള്ളിയിൽ യാതൊരവകാശവും ഇല്ലാത്തതാണ്. പട്ടക്കാർ വെവ്വേറെ പള്ളികൾ ഭരിക്കയും ജനങ്ങളെ നന്നാക്കുകയും ചെയ്യുമ്പോൾ ദൈവാനുഗ്രഹം ഉണ്ടാകയും വരുമാനം ഉണ്ടാകയും ചെയ്യും. അതിനാൽ ആത്മാക്കളുടെ രക്ഷയെ കരുതി മാത്രം പ്രവർത്തിക്കണം. അപ്പോൾ തനിക്കും അവർക്കും അനുഗ്രഹം ഉണ്ടാകും. പിന്നീട് എല്ലാ സംഗതികളെപ്പറ്റിയും നാം ആലോചിച്ചു വേണ്ടവണ്ണം പ്രവർത്തിക്കുന്നതായിരിക്കും. ശേഷം പിന്നാലെ.

145/16-16-110. പാതിക്കാട്ടു പുത്തൻപള്ളിക്കാർക്കു,

പ്രിയരെ, ആ പള്ളിയിലെ ശെമ്മാശന്മാരുടെ ഓഹരിയെ സംബന്ധിച്ച് 134-ാം നമ്പറായി നാം കല്പന അയച്ചിരുന്നല്ലോ. ആ കല്പനയുടെ താൽപര്യമനുസരിച്ച് നാളതു മുതൽ ഇനിയും വേറൊരു കല്പന ഉണ്ടാകുന്നതുവരേയ്ക്കും പട്ടത്വവരുമാനത്തിൽ മൂന്നിൽരണ്ടു ഭാഗം പട്ടക്കാരനും ഒരു ഭാഗം ശെമ്മാശന്മാർക്കും കൊടുത്തുകൊള്ളുകയും നാളതു വരെയുള്ള ശെമ്മാശന്മാരുടെ ഓഹരി ഇപ്പോൾ അവിടെ നിലവിലിരിക്കുന്ന തീരുമാനം അനുസരിച്ചും കൊടുത്തുകൊള്ളണം.

146/17-10-110. ചെറിയമഠത്തിൽ സ്കറിയാ മല്പാന്,

പ്രിയനെ, സ്ലീബാദാസന്മാരിൽ ഒരാളെ ഇവിടെ തിയോളജിക്കൽ കോളജിൽ പഠിപ്പിക്കാമെന്നു നാം സമ്മതിച്ചിട്ടുണ്ട്. പൗലൂസ് എന്നൊരാൾ വന്നിട്ടുണ്ട്. ഇവൻ തന്നെയാണൊ എന്നു നമുക്കു നിശ്ചയമില്ല. ദാവീദു കത്തനാരുടെപേർക്കു പത്രോസ് കത്തനാർ എഴുതീട്ടുണ്ടെന്നു പറയുന്നു. ഈ ആളിനെ പത്രോസു കത്തനാർ അയച്ചിട്ടുള്ളതാണെങ്കിൽ അവനെ പഠിപ്പിച്ചുകൊള്ളണം. ശെമ്മാശന്മാർക്ക് ചെയ്യുന്ന എല്ലാ സഹായങ്ങളും ഈ ആളിനും ചെയ്യുന്നതായിരിക്കും.

147/18-10-110. To the Agert to the Governor-General, Madras States Agency, Trivandrum.

Sir,

Myself & my Co-trustees had applied for the payment of the interest due on the Syrian Trust fund. But no payment has yet been made. I am therefore compelled to apply again for the said payment. As I have already mentioned in my previous application, I am the newly appointed Malankara Metropolitan and as such I am in possession of all the Jacobite Syrian Church properties. There is not even a rival Malankara Metropolitan now. My Co-trustees are there who were appointed during the time of the late, Malankara Metropolitan His Grace Mar Geevarghese Dionysious and they used to receive the interest and conjunction with him.

I request therefore that the matter may be reconsidered and that the interest be ordered to the paid to us. If recenary, we are willing to execute an indemnity bond making ourselves lieble for the amount we receive. On a former occasion when dispute are, the late Malankara Metropolitan to the present co-trustees were allowed to draw the interest on executing as indemnity bond.

If any further information is requires on the subject, I have instructed our Community's vakil Mr. E. J. Philipose, BA, BL, High Court Vakil, Trivandrum to supply the same.



I have the honour to be
Sir

Your most obedient servant
(sd)

**20-10-110. കുറിച്ചിയിൽ കല്ലാച്ചേരിൽ എഴുന്നള്ളിയശേഷം വൈകിട്ടു തിരികെ മടങ്ങി.**

148/28-10-110. ആറ്റുമാലിൽ മൂപ്പച്ചനു,

പ്രിയനെ, ആനപ്രമ്പാൽ തെക്കു പള്ളിക്കായി വച്ചിരിക്കുന്ന കെട്ടിടത്തിൽ ഈ മാസം 23-നു മാർ സ്തേഫാനോസു സഹദായുടെ നാമത്തിൽ കുരിശു വച്ചു കുർബാന ചൊല്ലുന്നതിനു നിങ്ങളെ അധികാരപ്പെടുത്തിയിരിക്കുന്നു. വികാരി, മുതൽകെട്ടുകാരൻ, കണക്കൻ മുതലായവരെ ഇടവക മെത്രാപ്പോലീത്താ നിയമിക്കുന്നതായിരിക്കും.

149/29-10-110. My Dear Lieutenant Colonel Garstin,

I am extremely glad to express my thanks for your kind letter dated 30th May 1935, intimating me your hope to pay another ... to the Syrian Seminary when you come to Kottayam again.

May I take this opportunity to remind you that my Private Secretary, Rev. T. S. Joseph, MA, BD had requested you in his letter dated 4th May 1935, to let him know a convenient date and place for you, so that I might make arrangements for a personal private inteview with you and that he received in reply, a letter dated 14th May 1935 from your office; directing him to write again after the middle of June. When you would return after your tour.

I shall be very much obliged if you will kindly let me know a convenient time and place for you for the interview, which my Private Secretary had sought for on my behalf,

With kind regards,
Yours faithfully Service
(sd) Catholicos

Lieutenant Colonel Garstin,
The Agert to the Governor-General, Madras States, Trivandrum.

This letter sent to Residency, Ponjikara, Cochin State.

6th June 1935. Telegram.

To His Highness the Maha Raja of Travancore, Trivandrum

On behalf of the Jacobite Syrian Church beg Convey very hearty Congratulations on receipt of new title. Pray long life, prosperous rule, divine blessings on royal family.

Catholicos Seminary.

150/28-10-110. വള്ളക്കാലിൽ ഉണ്ണൂണ്ണിക്കു വാഴ്വ്.

പ്രിയനെ, നമ്മൾ ഇന്നാൾ ഇവിടെ വച്ചു നല്ലിലാ വി. കെ. ദാനിയേൽ കത്തനാരെ അവിടെ വാദ്ധ്യാരാക്കണമെന്നു ആലോചിച്ചു നിശ്ചയിച്ച പ്രകാരം നാം അയാളെ വരുത്തി അങ്ങോട്ടയയ്ക്കുന്നു. ശേഷം പിന്നാലെ.

151/1-11-110. ആർത്താറ്റു കുന്നംകുളം പള്ളിക്കാർക്കു.

പട്ടം കൊടുക്കേണ്ടതിന്റെ ആവശ്യകതയെപ്പറ്റി. ചുങ്കത്ത് താരു ചിമ്മാരുടെ മകൻ ഇട്ടൂപ്പിനു പട്ടം കൊടുക്കേണ്ടതിനു ഒരു അപേക്ഷ വന്നിട്ടുണ്ടെന്നും കൊച്ചൻ അന്വേഷണത്തിൽ നല്ലവനാണെന്നും അവനേയും കുറെ കുട്ടികളേയും തിരഞ്ഞെടുത്തയ്ക്കണമെന്നും മറ്റും. ശേഷം പിന്നാലെ.

152/1-11-110. ആർത്താറ്റു കുന്നംകുളം പള്ളിയിലെ പട്ടക്കാർക്ക്,

ചുങ്കത്തു താരു ചിമ്മാരെന്ന ആളിന്റെ മകൻ ഇട്ടൂപ്പിനു പട്ടം കൊടുക്കാൻ ഒരു അപേക്ഷ വന്നിട്ടുണ്ടെന്നും അവിടെ പട്ടക്കാർ കുറവാകയാൽ കുട്ടികൾക്കു പട്ടം കൊടുക്കുന്നതിനു യോഗം കൂടി തീർച്ച ചെയ്യണമെന്നും മറ്റും.

153/5-11-110 (19th June1935). To the Principal C. M. I., Kottayam.

Sir, I have the honour to forward here with the agreement between the manager and the department concerning the stipendary grant to Mr. P. E. Mathai, teacher in the M. G. D. M. High School, Puthuchery, Kallooppara, deputed for training to your institution.

**6-11-110 വ്യാഴാഴ്ച 11 മണിയോടു കൂടി കോട്ടയത്തു നിന്നും തിരിച്ചു 3 മണിക്കു കുണ്ടറ സിമ്മനാരിയിൽ എത്തി.**

154/7-11-110. നമ്മുടെ തേവലപ്പുറത്തു മാധവശ്ശേരി പള്ളിക്കാർക്ക്,

പ്രിയരെ, ഭരണഘടന അനുസരിച്ച് ഇക്കഴിഞ്ഞ മേട മാസം 29-നു ഞായറാഴ്ച നിങ്ങൾ ഇടവകയോഗം കൂടി തെരഞ്ഞെടുത്തിട്ടുള്ള മുതൽകെട്ടുകാരനായ പുത്തൻവിളയിൽ വറീതു മാത്തനേയും കണക്കനായി പറിങ്കിമാംവിള വീട്ടിൽ ഇടിക്കുള യോഹന്നാനേയും, കമ്മിറ്റി മെമ്പറന്മാരായി മടത്തിലഴികത്തു ഇടിക്കുള കോരുതിനേയും കടവൂരഴികത്തുവീട്ടിൽ തൊമ്മി മാത്തനേയും വിളയിൽവീട്ടിൽ മാത്തുണ്ണി ഗീവറുഗീസിനേയും ആലുവിളവീട്ടിൽ കോശി ഇടിച്ചാണ്ടിയേയും വേറൊരു കല്പന ഉണ്ടാകുന്നതുവരേയ്ക്കും നാം നിശ്ചയിച്ചിരിക്കുന്നു. പഴയ മുതൽകെട്ടുകാരനായ വിളയിൽവീട്ടിൽ മാത്തുണ്ണി ഗീവറുഗീസിന്റേയും മദ്ധ്യന്നതയിൽ താവിളവീട്ടിൽ യാക്കോബ് യാക്കോബിന്റേയും കൈവശത്തിൽ ഇരിക്കുന്ന പണവും പള്ളിസാമാനങ്ങളും പുതിയ മുതൽകെട്ടുകാരൻ രസീതു കൊടുത്തു വാങ്ങിച്ചുകൊള്ളേണ്ടതും അവർ കണക്കു തീർത്തു കുടിശികയോടു കൂടെ മുതൽകെട്ടുകാരനെ ഏല്പിച്ചുകൊള്ളേണ്ടതുമാകുന്നു. പള്ളിതാക്കോൽ നിങ്ങളുടെ നിശ്ചയപ്രകാരം ഇപ്പോഴത്തെ മുതൽകെട്ടുകാരനെ ഏല്പിച്ചുകൊള്ളേണ്ടതാണ്. ഇപ്പോഴത്തെ പൂട്ടു ബലമുള്ളതല്ലെന്നു നാം അറിയുന്നതിനാൽ ഒരു പുതിയ പൂട്ടു ഉണ്ടാക്കിച്ചു തറപ്പിക്കുന്നതിനു മുതൽകെട്ടുകാരനെ നാം അധികാരപ്പെടുത്തിയിരിക്കുന്നു. ശേഷം പിന്നാലെ.

155/7-11-110. ഇലവിളയിൽ കുറിയാക്കോസ് കത്തനാർക്ക്.

പ്രിയനെ, പുത്തൂർ, തേവലപ്പുറം, മാമ്പറ, കുളക്കടി, കാരിയ്ക്കൽ, മാറനാടു എന്നീ പള്ളികളിലെ കൈമുത്ത്, റിശീസാ, നടവഴക്കത്തിൻ പകുതി മുതലായ വരുമാനങ്ങൾ താൻ വാങ്ങിച്ചു കണക്കുസഹിതം ഉടൻ നമ്മുടെ പേർക്കു മണിയോർഡറായി അയച്ചുകൊള്ളുകയും ആ സ്ഥലങ്ങളിലെ കാതോലിക്കാനിധിയിലേക്കു സംഭാവന ചെയ്തിട്ടില്ലാത്തവരെ ഉത്സാഹിപ്പിച്ചു ആപ്പീസിലേക്കു പണം ഉടൻ മണിയോർഡറായി അയപ്പിച്ചു വിവരം നമ്മുടെ പേർക്കു റിപ്പോർട്ടു ചെയ്യുന്നതിനും തന്നെ നാം അധികാരപ്പെടുത്തിയിരിക്കുന്നു. ശേഷം പിന്നാലെ.

**8-11-110 ശനിയാഴ്ച കാലത്തു കുണ്ടറ സിമ്മനാരിയിൽ നിന്നും കണ്ണങ്കോടു പള്ളിയിൽ എത്തി. ഞായറാഴ്ച കരുവാറ്റ ക്ലേറിക്കു ശെമ്മാശുപട്ടം കൊടുത്തു 3 മണിയോടു കൂടി അവിടെ നിന്നും തിരിച്ചു കോട്ടയം സിമ്മനാരിയിൽ എത്തി.**

156/10-11-110. വള്ളക്കാലിൽ ഉണ്ണൂണ്ണിക്കു,

നല്ലിലാ കത്തനാർക്കു കുണ്ടറ ഒരു ഒഴിവു ഉള്ളിടത്തേക്കു പോകണമെന്നാഗ്രഹമുള്ളതുകൊണ്ടു അയാളെ അങ്ങോട്ടു മാറ്റി നിയമിച്ചിരിക്കുന്നു. അതിനു പകരം ഒരാൾ ഇവിടെ ആവശ്യമുണ്ടല്ലോ. തെക്കൻദേശത്തു ഒരു മാന്യകുടുംബത്തിൽപ്പെട്ട ഒരു കൊച്ചനു ഇവിടെ വരണമെന്നാഗ്രഹമുണ്ട്. നമ്മൾ ആലോചിച്ചു അവനെ നിശ്ചയിക്കുന്നതായിരിക്കുമല്ലോ നല്ലത്. ഏതായാലും അവൻ വരുന്നതിനായി നാം പറഞ്ഞിട്ടുണ്ട്. ബോർഡിംഗ് അവൻ നോക്കികൊള്ളും. ദാനിയേൽ കത്തനാർക്കു റിലീവിംഗ് ഓർഡർ കൊടുത്തയയ്ക്കണം.

157/10-11-110. സ്ലീബായ്ക്കു വാഴ്വ്,

പ്രിയനെ, നാം പറഞ്ഞവണ്ണം വറുഗീസിനു പകരം വി. കെ. ദാനിയേൽ കത്തനാരെ നാം നിയമിച്ചിരിക്കുന്നു. അയാളെ അവിടെ ചേർത്തുകൊള്ളണം.

158/11-11-110. വള്ളക്കാലിൽ ഉണ്ണൂണ്ണിക്കു,

പ്രിയനെ, നമ്മുടെ വി. കെ. ദാനിയേൽ കത്തനാർക്കു പകരം ഈ സാധനവും കൊണ്ടുവരുന്ന കെ. ഒ. കോശി പണിക്കരെ സ്കൂളിൽ നിയമിച്ചുകൊള്ളണം. ഇയാൾ ബോർഡിംഗ് കാര്യവും നോക്കിക്കൊള്ളും. ശേഷം പിന്നാലെ.

159/11-11-110. നമ്മുടെ ... പള്ളി വികാരിയും ദേശത്തുപട്ടക്കാരും പള്ളികൈയ്ക്കാരും ശേഷം ജനങ്ങളും കൂടി കണ്ടെന്നാൽ നിങ്ങൾക്കു വാഴ്വ്.

പ്രിയരെ, പുതിയ ഭരണഘടന അനുസരിച്ചു മെത്രാസന കൗൺസിൽ അംഗങ്ങളേയും സെലക്ഷൻ ബോർഡിലെ അംഗങ്ങളേയും തെരഞ്ഞെടുക്കുന്നതിനായി ഈ മാസം 19-നു ബുധനാഴ്ച പകൽ 10 മണിക്കു കൊട്ടാരക്കര കോട്ടപ്പുറത്തു സിമ്മനാരിയിൽ വച്ചു കൊല്ലം ഭദ്രാസന ഇടവകയുടെ ഒരു പൊതുയോഗം കൂടണമെന്നു നാം നിശ്ചയിച്ചിരിക്കുന്നു. ആയതിനു ഒരു പള്ളിയിൽ നിന്നും ഒരു പട്ടക്കാരനേയും രണ്ടു അയ്മേനികളേയും പ്രതിപുരുഷന്മാരായി തെരഞ്ഞെടുത്തു പള്ളിചെലവിൽ അയയ്ക്കണം. ശേഷം പിന്നാലെ. കോട്ടയം സുറിയാനി സിമ്മനാരിയിൽ നിന്നും.

160/12-11-110. മാവിലഴികത്തു കോശി കത്തനാർക്കു,

പ്രിയനെ, അയച്ച എഴുത്തു കിട്ടി. കണ്ടൂർ ചാരുവിള പുത്തൻവീട്ടിൽ പോത്തപൗലൂസും കായിൽ നിന്നും കണ്ടഞ്ചിറമൂലയിൽ താമസിക്കുന്ന മറിയ ഏലിയായും ദുർമ്മാർഗ്ഗികളാണെന്നും താനും പള്ളിക്കാരും അവരെ വിളിച്ചു ഗുണദോഷിച്ചിട്ടു അവർ ശരിപ്പെടുന്നില്ലെന്നും മറ്റും താനയച്ച റിപ്പോർട്ട് കിട്ടി. അവർ ദോഷികളും മനസ്സുതിരിയാത്തവരുമാണെങ്കിൽ ഈ കല്പന മൂലം അവരെ നാം മുടക്കി നമ്മുടെ സഭയിൽ നിന്നും വേർതിരിച്ചിരിക്കുന്നു. ശേഷം പിന്നാലെ.

161/17-11-110. വള്ളക്കാലിൽ ഉണ്ണൂണ്ണിക്കു.

പ്രിയനെ, നമ്മുടെ എം.ഡി. സിമ്മനാരി സ്കൂളിലെ വരവുചിലവു കണക്കുകൾ ഇതുവരെ പരിശോധിക്കുന്നതിനു സാധിച്ചില്ലല്ലോ. നാം തെക്കോട്ടു പോയി വന്നാലുടൻ പരിശോധിക്കാമെന്നു വിചാരിക്കുന്നു. എന്നാൽ, ഇയാണ്ടത്തെ വരവുചിലവുകളുടെ ഒരു ബഡ്ജറ്റു ഉണ്ടാക്കിയിരിക്കുമല്ലോ. അഥവാ ഇല്ലാത്ത പക്ഷം ഉടൻ ഉണ്ടാക്കി നമ്മുടെ അടുക്കൽ കൊണ്ടുവരണം.

**17-11-110 തിങ്കളാഴ്ച കാലത്തു കോട്ടയത്തു നിന്നും തിരിച്ചു തിരുവല്ല ബഥനിയിൽ കയറി അല്പം താമസിച്ചശേഷം അവിടെനിന്നും പുറപ്പെട്ടു അന്നു വൈകിട്ടു കുണ്ടറ അരമനയിൽ എത്തി.**

**19-11-110 ബുധനാഴ്ച കുണ്ടറ അരമനയിൽ നിന്നു കോട്ടപ്പുറത്തു സിമ്മനാരിയിൽ എത്തി കൊല്ലം ഭദ്രാസന ഇടവകയോഗം നടത്തിയ ശേഷം അന്നു വൈകിട്ടു കുണ്ടറ അരമനയിൽ എത്തി.**

162/20-11-110. തുമ്പമൺ വടക്കേക്കര പള്ളിക്കാർക്കു,

പ്രിയരെ, ഇയാണ്ടു മീന മാസത്തിൽ നാം അവിടെ എത്തിയിരുന്നപ്പോൾ പള്ളിപൊതുയോഗം വിളിച്ചുകൂട്ടി മുതൽപിടിക്കാരൻ ജോൺ ഇടിക്കുളയ്ക്കു 125 രൂപാ രൊക്കമായും 525 രൂപാ പള്ളിവസ്തുക്കൽ ഒറ്റ് എഴുതി കൊടുത്തും കടം തീർക്കണമെന്നു തീരുമാനിച്ചു കല്പന ചെയ്തിട്ടുള്ളതാണല്ലോ. എന്നാൽ ടി ജോൺ ഇടിക്കുളയ്ക്കു പള്ളിവസ്തുക്കൾ ഒറ്റി എഴുതി കൊടുത്തും രൊക്കമായി 150 രൂപാ താനുവേലിൽ കോശി കത്തനാർ പള്ളിക്കാർക്കു കമ്മറ്റി മെമ്പറന്മാരിൽ ചിലരുടെ പ്രോമിസറി നോട്ടിൻപ്രകാരം കടമായി കൊടുത്തും ടി ബാദ്ധ്യത തീർത്തിരിക്കുന്നതായി അറിയുന്നതിൽ നാം സന്തോഷിക്കുന്നു. ആകയാൽ ഇനിയും ഓരോ തവണയും പള്ളിക്കു വരുന്ന വരുമാനങ്ങൾ താനുവേലിൽ കോശി കത്തനാർക്കു അതാതു സമയങ്ങളിൽ കൊടുത്തും നോട്ടിൽ വരവുവെയ്പിച്ചു ഇടപാടു തീർത്തുകൊള്ളണം. കുണ്ടറ അരമനയിൽ നിന്നും.

**20-11-110 വ്യാഴാഴ്ച 10 മണിക്കു കുണ്ടറ അരമനയിൽ നിന്നും തിരിച്ചു തിരുവനന്തപുരം സുറിയാനി പള്ളിയിൽ ഒരു മണിയോടു കൂടി എത്തി.**

**29-11-110 ശനിയാഴ്ച 3 മണിക്കു തിരുവനന്തപുരത്തു നിന്നു തിരിച്ചു 5 മണിക്ക് കുണ്ടറ അരമനയിൽ എത്തി.**

**30-11-110 ഞായറാഴ്ച 3 മണിക്കു കുണ്ടറ അരമനയിൽ നിന്നും തിരിച്ചു 6 മണിക്കു തിരുവല്ല ബഥനി അരമനയിൽ എത്തി.**

164/1-12-110. പുത്തൻകാവു പള്ളിക്കാർക്ക്,

പ്രിയരെ, ആ പള്ളികാര്യം സംബന്ധിച്ചുള്ള വഴക്കുകൾ തീർക്കുന്നതിനായി മുറപ്രകാരം യോഗം വിളിച്ചുകൂട്ടി നമ്മുടെ സമുദായ പ്രമാണികളായ മി. ചെറിയാൻ മുതലായവരേയും വരുത്തി കാര്യങ്ങൾ പറഞ്ഞുതീർത്തു തിരട്ടു വായിച്ചു പാസ്സാക്കയും ആ യോഗത്തിൽ വച്ചുതന്നെ പുതിയ ഭരണത്തിനു ട്രസ്റ്റിയെ തെരഞ്ഞെടുത്തിരിക്കുന്നതായും മറ്റുമുള്ള വിവരങ്ങൾക്കു വികാരി തോമാ കത്തനാരു നമ്മുടെ പേർക്കും റിപ്പോർട്ടയച്ചതിൽ നാം സന്തോഷിക്കുന്നു. നമ്മുടെ മുൻഗാമിയായിരുന്ന മലങ്കരയുടെ മാർ ദീവന്നാസ്യോസ് മെത്രാപ്പോലീത്താ നിയമിച്ചാക്കിയിരുന്ന ട്രസ്റ്റികളായ കിഴക്കേത്തലയ്ക്കൽ ഈപ്പൻ മാത്തന്റേയും കടിക്കലേത്തു കുഞ്ഞേനാ പീലിപ്പോസിന്റേയും ചുമതലകൾ ഈ കല്പനയാൽ ഒഴിച്ചു അവരെ നീക്കം ചെയ്തിരിക്കുന്നു. മേൽനടപടിക്കുള്ള കല്പന നമ്മുടെ കൊച്ചുമെത്രാച്ചൻ അയച്ചുതരികയും ചെയ്യുന്നതാണ്. ശേഷം പിന്നാലെ. തിരുവല്ലാ ബഥനി അരമനയിൽ നിന്നും.

165/2-12-110. നമുക്ക് എത്രയും സ്നേഹിക്കപ്പെട്ടവരായ നമ്മുടെ പറമ്പിൽ ഗീവറുഗീസ് കോശി കത്തനാർക്കും കോട്ടയ്ക്കകത്തുപറമ്പിൽ കോശി തോമസ്സിനും കൂടി വാഴ്വ്.

പ്രിയരേ, നിങ്ങളുടെ ദേശത്ത് പള്ളി സ്ഥാപിക്കുന്നതിന് നിങ്ങളുടെ അപേക്ഷയെപ്പറ്റി നാം ആലോചിച്ചതിൽ ഒരു പള്ളിക്ക് അവിടെ ആവശ്യമുണ്ടെന്ന് നമുക്കും ബോദ്ധ്യമായിരിക്കുന്നു. ആകയാൽ കൊല്ലം ഡിസ്ട്രിക്റ്റിൽ പത്തനംതിട്ട താലൂക്കിൽ വള്ളിക്കോട്ടു പ്രവൃത്തിയിൽ നരിയാപുരം മുറിയിൽ അമ്പലത്ര പുരയിടത്തിനും മേയ്ക്ക് ഒരുവല്ലൂർ മുറി പുരയിടത്തിനും വടക്ക് കല്ലിട്ടയിൽ പുരയിടത്തിനും കിഴക്ക് ഒരുവല്ലൂർ വടക്കേ പുരയിടത്തിനും തെക്ക് പണ്ടാരവക പാട്ടം 105/4, 108/4 എന്നീ സർവ്വേ നമ്പരുകളിൽ ഉൾപ്പെട്ട കരുവല്ലൂർ പുരയിടത്തിൽ പടിഞ്ഞാറെ അടുത്ത് ... സെന്റ് സ്ഥലത്ത് ഒരു ഓർത്തഡോക്സ് സുറിയാനി പള്ളി സ്ഥാപിക്കുന്നതിന് നാം അനുവദിച്ചിരിക്കുന്നു. ഈ കല്പന ഡിവിഷനിൽ ഹാജരാക്കി അപേക്ഷ കൊടുത്ത് ഗവണ്മെന്റ് അനുവാദം വാങ്ങിച്ചുകൊള്ളണം. പള്ളിയുടെ ആത്മീകവും ലൗകികവുമായ എല്ലാ അധികാരങ്ങളും നമ്മിലും നമ്മുടെ പിൻഗാമികളിലും നമ്മാലും നമ്മുടെ പിൻഗാമികളാലും നിയമിക്കപ്പെടുന്ന മേൽപട്ടക്കാരിലും മാത്രം സ്ഥിതി ചെയ്യുന്നതാണ്. ഞങ്ങളുടെ വിശ്വാസത്തിനും അഭിപ്രായങ്ങൾക്കും വിപരീതമായിട്ടുള്ളവർക്കു ഈ പള്ളിയിന്മേലും സ്വത്തുക്കളിന്മേലും യാതൊരു അവകാശങ്ങളും ഉണ്ടായിരിക്കുന്നതല്ല.

166/4-12-110. In the Director of Public Instruction, Travancore, Trivandrum

Dear Sir,

In continuation to my letter No. 163 dated 16th July 1935 regarding the management of M. D. Schools I have the honour to submit the following for your kind Consideration and favourable disposal.

While the suit filed in the Tiruvalla Munciff's Court about the management of the M. D. (now M.S.C.) Schools under present management of Mar Ivanios is still pending, the present manager is trying for change of management and shift of rites of the schools under dispute. A petition for injunction is there up on submitted at the Munciff's Court, Tiruvalla, I therefore request that you may be kindly pleased not to sanction the change of management etc. until the case is finally disposed.

I have the honour to be
Dear Sir,
Your Most obediant servant
(sd) Catholicos

167/19th July 1935. To the Divisional Inspector of Schools, Tiruvalla.

... (Copy of the above letter).

**6-12-110 തിങ്കളാഴ്ച 2 മണിക്കു തിരുവല്ലാ അരമനയിൽ നിന്നും തിരിച്ചു. മൂന്നര മണിക്കു കോട്ടയം സുറിയാനി സിമ്മനാരിയിൽ എത്തി.**

168/8-12-110. നമ്മുടെ കോട്ടയം ഭദ്രാസന ഇടവകയിൽപെട്ട എല്ലാ പള്ളികളിലേയും വികാരിമാരും ദേശത്തുപട്ടക്കാരും പള്ളികൈക്കാരും ശേഷം ജനങ്ങളും കൂടി കണ്ടെന്നാൽ വാഴ്വ്.

169/9-12-110. നമ്മുടെ കിണറ്റുങ്കര കിഴക്കേതിൽ കോശിക്കു.

പ്രിയനെ, എം. റാഹേലിന്റെ സർവീസിനേക്കാൾ കുറഞ്ഞ സർവീസുള്ള കെ. മത്തായിയെ വാദ്ധ്യാരായി നിയമിക്കാൻ കാരണമെന്താണെന്നു ഇൻസ്പെക്ടർ ആപ്പീസിൽ നിന്നും നമ്മോടു ചോദിച്ചിരിക്കുന്നു. ആയതിനു തനിക്കു പറവാനുള്ള സമാധാനം ഇവിടെ എഴുതി അറിയിക്കണം. എം. റാഹേൽ ആ സ്കൂളിൽ പകരം ജോലി നോക്കിക്കൊണ്ടിരിക്കവേ കെ. മത്തായിയെ പിന്നീടു സ്ഥിരപ്പെടുത്താനുള്ള കാരണവും എന്താണ്?

170/14-12-110. നമ്മുടെ ഈ. ജെ. അബ്രഹാം കശീശായ്ക്കു വാഴ്വ്.

പ്രിയനെ, പരുമല സിമ്മനാരിയിൽ താമസിക്കാനായിട്ടു തന്നെ നാം വിളിച്ചിരിക്കയാണല്ലോ. എന്നാൽ മാർ സേവേറിയോസു മെത്രാപ്പോലീത്തായുടെ ആജ്ഞാനുസരണം താൻ അവിടെ താമസിക്കുകയും ആ പള്ളിയുടെ വികാരിയായിരിക്കുകയും സിമ്മനാരിയുടെ മാനേജരായിരിക്കുകയും ചെയ്യുന്നതിനു ഈ കല്പന മൂലം വേറൊരു കല്പന ഉണ്ടാകുന്നതുവരേയ്ക്കും തന്നെ നാം നിയമിച്ചിരിക്കുന്നു. ശേഷം പിന്നാലെ. കോട്ടയം സുറിയാനി സിമ്മനാരിയിൽ നിന്നും.

171/15-12-110. തെക്കുംമുറിയിൽ ലൂക്കോസു കത്തനാർക്ക്,

പ്രിയനെ, ഇയാണ്ടു മിഥുനം 19-നു കൊട്ടാരക്കര കോട്ടപ്പുറത്തു സിമ്മനാരിയിൽ വച്ചു കൂടിയ കൊല്ലം ഭദ്രാസന ഇടവകയുടെ പൊതുയോഗത്തിൽ വച്ചു തന്നെ മെത്രാസന കൗൺസിൽ സിക്രട്ടറിയായും, പുത്തൻപുരയിൽ തോമസു കത്തനാർ (മാവേലിക്കര), വയലിറക്കത്തു അലക്സന്ത്രയോസു കത്തനാർ (കലണ്ടർ), പീലിപ്പോസു മത്തായി (തിരുവനന്തപുരം), തെക്കേപ്പുരയിൽ കോശി പണിക്കർ (കുണ്ടറ), ചാവടിയിൽ ഗീവറുഗീസു മുതലാളി (അടൂർ), സി. ജി. കോശി (കായംകുളം) എന്നിവരെ കൗൺസിൽ അംഗങ്ങളായും മാക്കുളത്തു ഗീവറുഗീസു കത്തനാർ (പത്തനാപുരം), തെക്കേപ്പുരയിൽ ഗീവറുഗീസു പണിക്കരു കത്തനാർ (കുണ്ടറ), പുത്തൂകോശി വക്കീൽ (തേവലക്കര), പുതുമടത്തിൽ ഗീവറുഗീസ് (മാവേലിക്കര), തോപ്പിലഴികത്തു കൊച്ചുമ്മൻ മുതലാളി (കൊട്ടാരക്കര) എന്നിവരെ സിലക്ഷൻ ബോർഡിലെ അംഗങ്ങളായും തിരഞ്ഞെടുത്തതിനെ നാം അംഗീകരിച്ചിരിക്കുന്നു. ഈ വിവരം എല്ലാ അംഗങ്ങളേയും അറിയിച്ചുകൊള്ളണം. നിങ്ങളുടെ ജോലി ഊർജ്ജിതമായി ചെയ്തുകൊള്ളണം. ശേഷം പിന്നാലെ. കോട്ടയം സുറിയാനി സിമ്മനാരിയിൽ നിന്നും.

(തുടരും)

മലങ്കര ഓർത്തഡോക്സ് സുറിയാനി സഭ
MALANKARA ORTHODOX SYRIAN CHURCH

പുസ്തകം

# തിന്നാത്ത അപ്പവും കേൾക്കാത്ത നിലവിളിയും

## ഫാ. ഡോ. കെ. എം. ജോർജ്

കഴിഞ്ഞ ദിവസം അമ്പിളി എന്ന ചിത്രകാരി സ്ഫടികച്ചില്ലുകളിൽ വളരെ കലാവിരുതോടെ വരച്ചിരിക്കുന്ന ചിത്രങ്ങൾ കണ്ടു. കോട്ടയത്ത് ലളിതകലാ അക്കാദമിയുടെ പ്രദർശന ഹാളിൽ വച്ചിരിക്കുന്ന ചിത്രങ്ങളിൽ രണ്ടെണ്ണം മാത്രം ഇവിടെ സൂചിപ്പിക്കുന്നു.

ഒരു കൊച്ചുകുട്ടി ഒരു കഷണം റൊട്ടി രണ്ടു കൈകളും ചേർത്ത് വായോട് അടുപ്പിച്ച് പിടിച്ചിരിക്കുന്നു. കണ്ണുകളിൽ ഭീതിയും കടുത്ത ആശങ്കയുമായി ഭയാനകമായ ഏതോ കാഴ്ചയിലേയ്ക്കു കുട്ടി നോക്കുന്നു. ചിത്രത്തിന്റെ അടിക്കുറിപ്പ് Bread of Uncertainty ('അനിശ്ചിതത്വത്തിന്റെ അപ്പക്കഷണം').


രണ്ടാമത്തെ പടം മുഖത്ത് രക്തമൊലിപ്പിച്ചു നിസ്സഹായനായി നിലവിളിക്കുന്ന ഒരു കുട്ടിയുടേതാണ്. അടിക്കുറിപ്പ് The Unheard ('കേൾക്കാതെ പോയത്'). നോർവീജിയൻ ചിത്രകാരനായ എഡ്‌വർഡ് മുങ്ക് (Edvard Munch) 1893-ൽ വരച്ച The Scream (നിലവിളി) എന്ന ലോകപ്രശസ്തമായ ചിത്രത്തെ ഓർമ്മ വരും.

അമ്പിളിയുടെ ഈ രണ്ടു സ്ഫടിക ചിത്രങ്ങളെ എടുത്തു പറയാനുള്ള കാരണം എല്ലാവർക്കും പെട്ടെന്ന് വ്യക്തമാകും. കഴിഞ്ഞ (2024) ഒക്ടോബർ മാസം മുതൽ ഇസ്രായേൽ - ഹമാസ് പകവീട്ടൽ യുദ്ധത്തിന്റെ ഫലമായി ദിനംതോറും മരിച്ചുകൊണ്ടിരിക്കുന്ന പലസ്തീനികളെക്കുറിച്ചും അവരുടെ നിഷ്കളങ്കരായ നൂറുകണക്കിനു കുഞ്ഞുങ്ങളെക്കുറിച്ചും ഗർഭിണികളെക്കുറിച്ചും, താരതമ്യേന വളരെ കുറവാണെങ്കിലും ഇസ്രായേലിൽ മരിക്കുന്ന കുഞ്ഞുങ്ങളെക്കുറിച്ചും, നാം വേദനയോടെ ഓർക്കും. വീടുകളിലും, ആശുപത്രികളിലും സ്കൂളുകളിലും അഭയാർത്ഥി ക്യാമ്പുകളിലും നിരന്തരം ബോംബുകൾ വർഷിച്ച് ശിശുഹത്യ നടത്തുന്ന ഇസ്രായേൽ പ്രധാനമന്ത്രി നെതന്യാഹു പലർക്കും വീരനായകനാണ്. ഏറ്റവും ഒടുവിൽ ഭക്ഷണപ്പൊതികൾക്കു കാത്തുനിന്ന പലസ്തീൻകാരുടെമേൽ ഷെൽ വർഷം. 59 പേർ മരിച്ചു. കുട്ടികൾ ഉൾപ്പെടെ.

ഇപ്പോഴിതാ ഇസ്രായേൽ ഇറാനുമായി ഏറ്റുമുട്ടുന്നു. ടെൽ അവീവിലും ടെഹറനിലും മറ്റു നഗരങ്ങളിലും വീഴുന്ന മിസൈലുകളും ബോംബുകളും മനുഷ്യരാശിയുടെ തന്നെ വേരറക്കുകയാണെന്ന് അയത്തൊള്ളമാരും നെതന്യാഹുമാരും അറിയുന്നുണ്ടാവണം. അവരുടെ മക്കളും കൊച്ചുമക്കളും സുരക്ഷിതരായിരിക്കണം എന്ന് തീർച്ചയായും അവർ കരുതുന്നുണ്ട്. നീണ്ടുനീണ്ടു പോകുന്ന റഷ്യൻ-ഉക്രെയിൻ യുദ്ധത്തിലും ഇതുതന്നെ അവസ്ഥ. പുട്ടിൻമാരും സെലൻസ്കിമാരും വില കല്പിക്കുന്നത് മനുഷ്യജീവനല്ലല്ലോ.

എ.ഡി. 70-ൽ ജറുസലേം നഗരത്തിന് വരാനിരിക്കുന്ന ദുരന്തവും മഹാവിനാശവും മുൻകൂട്ടി കണ്ട് യേശു പ്രവചിച്ചു പറഞ്ഞു: "ആ കാലത്തു ഗർഭിണികൾക്കും മുലകുടിപ്പിക്കുന്നവർക്കും ഹാ കഷ്ടം." ജീവന്റെ കുരുന്നുകളെയാണ് ഗർഭിണികളായ സ്ത്രീകൾ അവരുടെ ഉള്ളിന്റെ ഉള്ളിലും, മുല കുടിപ്പിക്കുന്ന അമ്മമാർ അവരുടെ മാറിടങ്ങളിലും കാത്തു കരുതുന്നത്. അവിടെയാണ് ഷെല്ലുകളും മിസൈലുകളും വർഷിക്കുന്നത്. യേശുവിന്റെ വാക്കുകൾ ശ്രദ്ധിക്കുക. 'ഭാവിയെ സ്വപ്നം കാണുന്ന മനുഷ്യരാശിക്ക് ഹാ കഷ്ടം' എന്നു വികസിപ്പിക്കാം ആ വാക്കുകൾ.





എപ്പോഴെങ്കിലും വീണുകിട്ടുന്ന ഒരു റൊട്ടിക്കഷണം അനിശ്ചിതത്വത്തിന്റെ അപ്പമാണ്. അത് ചുണ്ടോട് അടുപ്പിക്കുമ്പോൾ ബോംബ് വീണേക്കാം. കേരളത്തിലും ലോകത്തെവിടെയും സുഖമായി കഴിയുന്നവർക്ക് സങ്കൽപിക്കാനാവാത്ത ആശങ്കയും അനശ്ചിതത്വവും.

'കേൾക്കാതെ പോകുന്ന (നിലവിളി)' നമ്മുടെ മനഃസാക്ഷിയെ കുത്തുന്നില്ല, കാരണം മിസൈലുകളുടെ ഇരമ്പലും പോർവിമാനങ്ങളുടെ ഭീകരമായ മുഴക്കവും മൂലം ആരും ഒന്നും കേൾക്കുന്നില്ല. എങ്കിലും നാമറിയണം, ഇത് നമ്മുടെ കുഞ്ഞുങ്ങളാണ്. മനുഷ്യഭാവിയുടെ വാഗ്ദാനങ്ങളായി ജനിച്ചവരാണ്. ഇന്നല്ലെങ്കിൽ നാളെ നാമും നമ്മുടെ കുഞ്ഞുങ്ങളും ഇതേ അവസ്ഥയിലാകും.

ഗർഭിണികളെയെങ്കിലും കൊല്ലരുതേ, ശിശുഹത്യ അരുതേ എന്നു പറയാൻ ഒരു ലോകനേതാവും നമുക്കില്ല. എല്ലാ മഹാന്മാരായ ഭരണകർത്താക്കളും ഓരോ കക്ഷിചേരുകയാണ്. പ്രസ്താവനകളും ഭീഷണികളും സൈനിക വിന്യസനങ്ങളുമുണ്ട്. ആയുധ നിർമ്മാതാക്കളും ഇടനിലക്കാരും നിമിഷനേരം കൊണ്ട് കോടികൾ നേടുന്നു. മനുഷ്യജീവനു വേണ്ടി കണ്ണീരൊഴുക്കുവാൻ അവർക്ക് നേരമുണ്ടോ? അവരുടെയെല്ലാം ദൈവങ്ങൾ യുദ്ധവീരന്മാരും, ശത്രുസംഹാരകരും സർവ്വായുധധാരികളുമാണ്. ഒന്നിനും ഒരു നിശ്ചയവുമില്ലാത്ത അപ്പക്കഷണം ഇറുക്കിപ്പിടിച്ചിരിക്കുന്ന പെൺകുരുന്നും കേൾക്കപ്പെടാതെ നിലവിളിക്കുന്ന ആൺതരിയും ആരുടെ ദൈവത്തിന്റെ പക്ഷത്താണ്?

**- കെ. എം. ജി.**

വേദപുസ്തകത്തിലെ സ്ത്രീ കഥാപാത്രങ്ങൾ

# രിസ്പ

സിസ്റ്റർ മേരി OSM
(ബേത്‌ലഹേം ദയറ കിഴക്കമ്പലം)





ഇസ്രായേലിന്റെ ആദ്യ രാജാവായ ശൗലിന്റെ വെപ്പാട്ടിയായിരുന്നു രിസ്പ. അവൾ ഒരു രാജ്ഞിയായിരുന്നില്ല, പക്ഷേ അവളുടെ ശക്തവും വിശ്വസ്തവും ധൈര്യം നിറഞ്ഞതുമായ പ്രവൃത്തികൾ ഒരു രാജ്ഞിയുടെ ഹൃദയത്തെ കാണിച്ചു. ബൈബിളിൽ അവളേക്കുറിച്ച് അല്പമേ പരാമർശിക്കുന്നുള്ളു, പക്ഷേ അതിലൂടെ വളരെയധികം സംസാരിക്കുന്നുണ്ട്. രിസ്പയുടെ സമ്പത്തോ സൗന്ദര്യമോ അല്ല, മറിച്ച് അവളുടെ സ്നേഹം, ധൈര്യം, സഹനം എന്നിവയിലൂടെയാണ് നാം അവളെ ഓർമ്മിക്കുന്നത്.

ബൈബിളിൽ പ്രധാനമായും രണ്ട് സ്ഥലങ്ങളിൽ അവൾ പ്രത്യക്ഷപ്പെടുന്നു. ആദ്യം, 2 ശമുവേൽ 3:7-ൽ, അവളുടെ പേര് ഒരു രാഷ്ട്രീയ തർക്കത്തിൽ ഉൾപ്പെട്ടിരിക്കുന്നു. രണ്ടാമതായി, 2 ശമുവേൽ 21:114-ൽ, ദുഃഖിതയായ ഒരു അമ്മയെന്ന നിലയിൽ അവൾ അവിശ്വസനീയമായ ശക്തി പ്രകടിപ്പിക്കുന്നു.

### 1 ശൗലിനോടുള്ള രിസ്പയുടെ വിശ്വസ്തതയും ബഹുമാനവും

ശൗലിന്റെ വെപ്പാട്ടികളിൽ ഒരാളായിരുന്ന രിസ്പ രാജകൊട്ടാരത്തിൽ താമസിച്ചിരുന്നതിനാൽ, രാജാവിന്റെ കുടുംബത്തിന്റെ ഭാഗമായി കണക്കാക്കപ്പെട്ടു. അവൾ അവന്റെ രാജ്ഞിയല്ലെങ്കിലും, തനിക്ക് വളരെ വേദനയും നഷ്ടവും നേരിട്ടപ്പോഴും, തന്റെ ജീവിതകാലം മുഴുവൻ അവൾ ശൗലിനോട് വലിയ വിശ്വസ്തതയും ബഹുമാനവും പ്രകടിപ്പിച്ചു.

ശൗൽ യുദ്ധത്തിൽ മരിച്ചതിനുശേഷം, പലരും വേഗത്തിൽ മാറിത്താമസിച്ചു, പക്ഷേ രിസ്പ അവനെ മറന്നില്ല. അവൾ അവന്റെ ഓർമ്മയിൽ വിശ്വസ്തയായി തുടർന്നു, അവനെക്കുറിച്ച് ഒരിക്കലും മോശമായി സംസാരിച്ചില്ല. ഒരു പുരുഷനെന്ന നിലയിൽ മാത്രമല്ല, ദൈവം തിരഞ്ഞെടുത്ത രാജാവെന്ന നിലയിലും അവൾ അവനെ ബഹുമാനിച്ചു. രാജകുടുംബത്തിലെ തന്റെ സ്ഥാനത്തിന്റെ യഥാർത്ഥ അർത്ഥം അവൾ മനസ്സിലാക്കിയിരുന്നു. അധികാരം, സമ്പത്ത്, മറ്റുള്ളവരെക്കാൾ ഉയർന്ന നിലയിൽ നിൽക്കുന്നത് എന്നിവയല്ലായിരുന്നു അത്. പകരം, ബഹുമാനത്തോടും ദയയോടും ജ്ഞാനത്തോടും കൂടി പ്രവർത്തിക്കുക, കുടുംബത്തെയും ജനങ്ങളെയും നന്നായി പ്രതിനിധീകരിക്കുക എന്നിവയെ അവൾ ഗൗരവമുള്ള ഒരു കടമയായി കണ്ടു. സ്വന്തം നേട്ടത്തിനായി മറ്റുള്ളവരുടെ മേൽ ശ്രദ്ധ ആവശ്യപ്പെടാനോ ഭരിക്കാനോ അവൾക്ക് അവകാശമില്ലായിരുന്നു. പകരം, സേവിക്കാനും സംരക്ഷിക്കാനും ഒരു നല്ല മാതൃക വയ്ക്കാനുമുള്ള ഉത്തരവാദിത്തം അവൾക്കുണ്ടായിരുന്നു. അഭിമാനത്തേക്കാൾ അന്തസ്സോടെയും ബഹുമാനത്തോടെയും തന്റെ പങ്ക് വഹിച്ചുകൊണ്ട് അവൾ ജീവിച്ചു. രാജകുടുംബത്തിന്റെ ഭാഗമാകുക എന്നത് അധികാരത്തെക്കുറിച്ചല്ല, അത് ഉത്തരവാദിത്തത്തോടും ബഹുമാനത്തോടും കൂടിയുള്ളതാണെന്ന് അവൾക്കറിയാമായിരുന്നു.

ശൗലിന്റെ സൈന്യാധിപനായ അബ്നേർ അവളുമായി രാജകുടുംബത്തിന്റെ ബഹുമാനത്തിന് വെല്ലുവിളിയായി കാണാവുന്ന ഒരു ബന്ധം പുലർത്തിയതായി ആരോപിക്കപ്പെട്ടപ്പോഴും രിസ്പ ശാന്തയായിരുന്നു. എന്നാൽ അവൾ തിരിച്ചടിക്കുകയോ നാടകം സൃഷ്ടിക്കുകയോ ചെയ്തില്ല. അവൾ ഉച്ചത്തിൽ നിലവിളിക്കുകയോ പരാതിപ്പെടുകയോ സ്വയം പ്രതിരോധിക്കുകയോ ചെയ്യാതെ നിശബ്ദയായി ആ സാഹചര്യത്തെ അതിജീവിച്ചു. അവളുടെ ശാന്തമായ പ്രതികരണം, ശൗലിന്റെ മരണശേഷവും അദ്ദേഹത്തിന്റെ കുടുംബത്തോടുള്ള സ്നേഹവും ബഹുമാനവും പ്രകടമാക്കി. ബഹുമാനത്തിന് എല്ലായ്പ്പോഴും ഉച്ചത്തിലുള്ള വാക്കുകൾ ആവശ്യമില്ല എന്നാണ് അവളുടെ നിശബ്ദമായ പെരുമാറ്റം മറ്റുള്ളവരെ പഠിപ്പിച്ചത്. സമാധാനപരമായ പ്രവർത്തനങ്ങളിലൂടെ ബഹുമാനം പ്രകടിപ്പിക്കാൻ കഴിയും. അവൾ എപ്പോഴും മൗനം പാലിച്ചു. അവളുടെ ഈ നിശബ്ദത ബലഹീനതയല്ല. ശൗലിനോടും അവന്റെ കുടുംബത്തോടുമുള്ള അവളുടെ ആഴമായ ബഹുമാനത്തിന്റെ അടയാളമായിരുന്നു അത്. ശ്രദ്ധയ്ക്കുവേണ്ടി അവൾ പോരാടുകയോ തന്റെ ബഹുമാനം സംരക്ഷിക്കാൻ വാദിക്കുകയോ ചെയ്തില്ല. അവളുടെ ശാന്തമായ അന്തസ്സ് വാക്കുകളേക്കാൾ ഉച്ചത്തിൽ സംസാരിച്ചു.

ശൗലിന്റെ മരണശേഷം രിസ്പയുടെ വിശ്വസ്തത ഏറ്റവും വ്യക്തമായി പ്രകടമായി. വർഷങ്ങൾക്കുശേഷം, ദാവീദ് രാജാവിന്റെ ഭരണകാലത്ത്, ദേശത്ത് ഒരു ഭയാനകമായ ക്ഷാമം വന്നു. ശൗൽ മുമ്പ് ചെയ്ത ഒരു കാര്യമാണ് ക്ഷാമത്തിന് കാരണമെന്ന് വെളിപ്പെടുത്തി - അവൻ ഗിബെയോന്യർ എന്നൊരു വിഭാഗത്തെ തെറ്റായി ആക്രമിച്ചിരുന്നു. സമാധാനം സ്ഥാപിക്കാൻ, ഗിബെയോന്യർ ശൗലിന്റെ ഏഴ് പുരുഷ പിൻഗാമികളെ ഏൽപ്പിക്കാൻ ആവശ്യപ്പെട്ടു. ഈ പുരുഷന്മാരെ വധിക്കുകയും അവരുടെ മൃതദേഹങ്ങൾ തുറസ്സായ സ്ഥലത്ത് ഉപേക്ഷിക്കുകയും ചെയ്തു.

ആ പുത്രന്മാരിൽ രണ്ടുപേർ രിസ്പയുടേതായിരുന്നു. അവളുടെ പുത്രന്മാർ മരിച്ചുപോയെങ്കിലും, രിസ്പ അവരുടെ മൃതദേഹങ്ങൾക്കൊപ്പം മാസങ്ങളോളം താമസിച്ചു. വിലാപത്തിന്റെ പ്രതീകമായ രട്ടുശീല അവൾ ധരിച്ചു, രാവും പകലും കാവൽ നിന്നു.അവൾ അവരെ വിട്ടില്ല. കാട്ടുമൃഗങ്ങളെയും പക്ഷികളെയും അവയുടെ അവശിഷ്ടങ്ങളിൽ നിന്ന് അകറ്റി നിർത്തി, ഒരു പാറയിൽ ഇരുന്ന് രാവും പകലും അവയെ നിരീക്ഷിച്ചു. ഈ പ്രവൃത്തി അവളുടെ മക്കളോടുള്ള സ്നേഹം മാത്രമല്ല, ശൗലിനോടുള്ള വിശ്വസ്തതയും ആയിരുന്നു. അവരുടെ ബഹുമാനം സംരക്ഷിക്കാനും ഇവർ രാജകുടുംബത്തിലെ പുത്രന്മാരാണെന്ന് മറ്റുള്ളവരെ ഓർമ്മിപ്പിക്കാനും അവൾ ആഗ്രഹിച്ചു.

രിസ്പ ചെയ്തത് ദാവീദ് രാജാവ് കണ്ടു, അത്യധികം വികാരഭരിതനായി. അവളുടെ പ്രവൃത്തികൾ കാരണം, അവൻ അവളുടെ പുത്രന്മാർക്കും ശൗലിനും ഉചിതമായ ശവസംസ്കാരം നൽകി. അവളുടെ വിശ്വസ്തത ഒരു മാറ്റമുണ്ടാക്കി.

യഥാർത്ഥ ബഹുമാനവും വിശ്വസ്തതയും ശബ്ദമുഖരിതമല്ലെന്ന് രിസ്പ

നമുക്ക് കാണിച്ചുതന്നു. അവർ നിശബ്ദരും ശക്തരും വിശ്വസ്തരുമാണ് – വേദനയിലും പോലും. മറ്റെല്ലാരും മാറിയപ്പോൾ പോലും, അവസാനം വരെ ശൗലിന്റെ കുടുംബത്തോടൊപ്പം നിന്നുകൊണ്ട് അവൾ അദ്ദേഹത്തെ ബഹുമാനിച്ചു.

നല്ല സമയങ്ങളിൽ മാത്രമല്ല, പ്രത്യേകിച്ച് ദുഷ്കരമായ സമയങ്ങളിലും വിശ്വസ്തതയും ആദരവും കാണിക്കണമെന്ന് രിസ്പ നമ്മെ പഠിപ്പിക്കുന്നു. ശൗലിന്റെ ഓർമ്മയോട് അവൾ വിശ്വസ്തയായി തുടർന്നു, ശൗൽ രാജാവിന്റെ മരണശേഷവും രിസ്പ വിശ്വസ്തത പുലർത്തി. അവൾ ഉച്ചത്തിൽ സംസാരിക്കുകയോ വാക്കുകൾ കൊണ്ട് പോരാടുകയോ ചെയ്തില്ല – പകരം, അവൾ തന്റെ പ്രവൃത്തികളിലൂടെ ദൈവീക ശാന്തത കാണിച്ചു.

(ഗിബെയോന്യരുമായുള്ള സമാധാന കരാറിന്റെ ഭാഗമായി) അവളുടെ രണ്ട് ആൺമക്കളെ കൊല്ലുകയും സംസ്കരിക്കാതെ വിടുകയും ചെയ്തപ്പോൾ, പക്ഷികളിൽ നിന്നും മൃഗങ്ങളിൽ നിന്നും അവരെ സംരക്ഷിക്കാൻ അവൾ മാസങ്ങളോളം അവരുടെ മൃതദേഹങ്ങൾക്കരികിൽ ഇരുന്നു. അവൾ പരാതിപ്പെടുകയോ പ്രതികാരം ചെയ്യുകയോ ചെയ്തില്ല. അവളുടെ നിശബ്ദ സാന്നിധ്യം ശക്തമായിരുന്നു.

അവളുടെ വിശ്വസ്തതയും സഹനവും കാരണം ദാവീദ് രാജാവ് അത് ശ്രദ്ധിക്കുകയും അവളുടെ പുത്രന്മാർക്ക് ഉചിതമായ ശവസംസ്കാരം നൽകുകയും നീതി നടപ്പാകുകയും ചെയ്തു. കൂടാതെ രിസ്പയുടെ പ്രവർത്തനങ്ങൾ മരിച്ചവരുടെ അന്തസ്സും മൂല്യവും ആളുകളെ ഓർമ്മിപ്പിച്ചു അതുവഴി ബഹുമാനം പുനഃസ്ഥാപിക്കപ്പെട്ടു. ശവസംസ്കാരത്തിനുശേഷം, ദൈവം ഇസ്രായേലിൽ നിന്ന് ക്ഷാമം നീക്കി (2 ശമുവേൽ 21:14) അങ്ങനെ ദേശത്ത് സമാധാനം കൈവന്നു. ചുരുക്കി പറഞ്ഞാൽ, രിസ്പ യുദ്ധം ചെയ്യാൻ വാക്കുകൾ ഉപയോഗിച്ചില്ല. അവൾ സ്നേഹം, വിശ്വസ്തത, ശാന്തമായ ശക്തി എന്നിവ ഉപയോഗിച്ചു. അതുമൂലം നല്ല കാര്യങ്ങൾ സംഭവിച്ചു.

വാക്കുകളിലൂടെയല്ല, പ്രവൃത്തികളിലൂടെയാണ് വിശ്വസ്തത കാണിക്കുന്നതെന്ന് രിസ്പയുടെ ജീവിതംനമ്മെ പഠിപ്പിക്കുന്നു. ആദ്യം ആരും ശ്രദ്ധിക്കാത്തപ്പോൾ പോലും, ശരിയായത് ചെയ്യുക എന്നതാണ് ബഹുമാനം. അവളുടെ സഹനവും സ്നേഹവും ശാശ്വതമായ സ്വാധീനം ചെലുത്തി.

### 2. ഒരു അമ്മയെന്ന നിലയിൽ രിസ്പയുടെ വേദന

രിസ്പ ഒരു അമ്മയെന്ന നിലയിൽ അഗാധമായ വേദനയിലൂടെയാണ് കടന്നുപോയത്. ഇസ്രായേൽ ജനങ്ങൾക്കും ഗിബെയോന്യർക്കും ഇടയിൽ സമാധാനം സ്ഥാപിക്കാനുള്ള ഒരു മാർഗമായിട്ടാണ് അവളുടെ രണ്ട് പുത്രന്മാരെ പിടികൂടി കൊലപ്പെടുത്തിയത്. അവളുടെ പുത്രന്മാർ എന്തെങ്കിലും തെറ്റ് ചെയ്തതുകൊണ്ടല്ല അവർക്കിത് സംഭവിച്ചത്.

രിസ്പയുടെ ഭർത്താവും ഇസ്രായേലിന്റെ മുൻ രാജാവുമായിരുന്ന ശൗൽ രാജാവ് ഒരിക്കൽ ഇസ്രായേല്യർ ഗിബെയോന്യർക്ക് നൽകിയ വാഗ്ദാനം ലംഘിച്ചിരുന്നു. വളരെ വർഷങ്ങൾക്ക് മുമ്പ്, യോശുവയുടെ കാലത്ത്, ഇസ്രായേല്യർ ഗിബെയോന്യർക്ക് ദോഷം വരുത്തില്ലെന്ന് സമ്മതിച്ചിരുന്നു. എന്നാൽ ശൗൽ തന്റെ തീക്ഷ്ണതയിലും അധികാരമോഹത്തിലും അവരെ ആക്രമിച്ചു. ദൈവത്തിന്റെ ദൃഷ്ടിയിൽ ഇത് ഗുരുതരമായ പാപമായിരുന്നു, കാരണം ഇത് മൂലം ഒരു വിശുദ്ധ ശപഥം ലംഘിച്ചു.

പിന്നീട്, ദാവീദ് രാജാവിന്റെ ഭരണകാലത്ത്, ദേശത്ത് ഒരു ക്ഷാമം വന്നു, അത് മൂന്ന് വർഷം നീണ്ടുനിന്നു. എന്തുകൊണ്ടാണ് ഇത് സംഭവിക്കുന്നതെന്ന് ദാവീദ് ദൈവത്തോട് ചോദിച്ചു, ശൗൽ ഗിബെയോന്യർക്ക് ചെയ്തതുകൊണ്ടാണ് ഇത് സംഭവിച്ചതെന്ന് ദൈവം അവനോട് പറഞ്ഞു. സമാധാനം സ്ഥാപിക്കാനും ദേശത്ത് നിന്ന് ശാപം നീക്കം ചെയ്യാനും, ദാവീദ് ഗിബെയോന്യർക്ക് എന്താണ് വേണ്ടതെന്ന് ചോദിച്ചു. പണമോ യുദ്ധമോ വേണ്ടെന്ന് അവർ പറഞ്ഞു – അവർക്ക് നീതി വേണം.

അങ്ങനെ, ശൗലിന്റെ ഏഴ് പുരുഷ പിൻഗാമികളെ തങ്ങൾക്ക് വിട്ടുകൊടുത്ത് കൊല്ലണമെന്ന് ഗിബെയോന്യർ ആവശ്യപ്പെട്ടു. ദാവീദ് അതിനു സമ്മതിച്ചു, ശൗലിന്റെ കുടുംബത്തിൽ നിന്ന് ഏഴു പുരുഷന്മാരെ തിരഞ്ഞെടുത്തു. അവരിൽ രിസ്പയുടെ രണ്ട് പുത്രന്മാരായ അർമ്മോണിയും മെഫിബോശെത്തും (യോനാഥാന്റെ മകനല്ല) ഉണ്ടായിരുന്നു. അവർ എന്തെങ്കിലും തെറ്റ് ചെയ്തതുകൊണ്ടല്ല, മറിച്ച് അവർ ശൗലിന്റെ പുത്രന്മാരായതുകൊണ്ടാണ് ഈ യുവാക്കളെ പിടികൂടി കൊന്നത്.

രിസ്പയ്ക്ക് ഇത് ഹൃദയഭേദകമായ അനീതിയായിരുന്നു. അവളുടെ പുത്രന്മാർക്ക് അവരുടെ പിതാവിന്റെ പ്രവൃത്തികൾക്ക് ശിക്ഷ ലഭിച്ചു. എന്നാൽ കയ്പുള്ളവളും കോപമുള്ളവളും ആകുന്നതിനുപകരം, അവരുടെ മൃതദേഹങ്ങൾ കാത്തുസൂക്ഷിച്ചും രാവും പകലും അവർക്കുവേണ്ടി വിലപിച്ചും രിസ്പ അത്ഭുതകരമായ ശക്തിയും സ്നേഹവും കാണിച്ചു. അവളുടെ പ്രവൃത്തികൾ ദാവീദ് രാജാവിന്റെ ഹൃദയത്തെ സ്പർശിച്ചു, എല്ലാ പുത്രന്മാരെയും ബഹുമാനത്തോടെ അടക്കം ചെയ്തു.

മക്കളെ ശരിയായി സംസ്കരിക്കാൻ പോലും കഴിയാത്ത ഒരു അമ്മയുടെ വേദനയും നിസഹായതയും ഇത് കാണിച്ചുതന്നു. അവരുടെ മരണം തടയാൻ അവൾക്ക് കഴിഞ്ഞില്ല, പക്ഷേ അവരുടെ അന്തസ്സ് സംരക്ഷിക്കാൻ അവൾക്ക് കഴിഞ്ഞു. അവരുടെ സ്വന്തം പാപം കൊണ്ടല്ല, മറിച്ച് അവരുടെ പിതാവ് ചെയ്ത ഒരു കാര്യം കൊണ്ടാണ്. എന്നിട്ടും അവൾ എതിർക്കുകയോ പരാതിപ്പെടുകയോ ചെയ്തില്ല. അവളുടെ ദുഃഖം ആഴമേറിയതായിരുന്നു, പക്ഷേ അവളുടെ വിശ്വാസവും വിനയവും അവളെ മത്സരത്തിൽ നിന്ന് തടഞ്ഞു. അവളുടെ വേദന ഉച്ചത്തിലോ കോപത്തിലോ ആയിരുന്നില്ല – അത് നിശബ്ദവും ശക്തവും ആയിരുന്നു.

മരണശേഷവും ഒരു അമ്മയുടെ സ്നേഹം എങ്ങനെ അവസാനിക്കുന്നില്ല എന്ന് രിസ്പയുടെ ജീവിതം കാണിക്കുന്നു. അവൾ നിശബ്ദമായി കഷ്ടപ്പെട്ടു, പക്ഷേ അവളുടെ പ്രവൃത്തികൾ ദാവീദ് രാജാവിന്റെ ഹൃദയത്തെ സ്പർശിച്ചു. അമ്മമാർ പലപ്പോഴും നിശബ്ദതയിൽ വഹിക്കുന്ന ശക്തിയെയും ത്യാഗത്തെയും കുറിച്ച് അവൾ അനുഭവിച്ച ഈ നൊമ്പരം നമ്മെ ഓർമ്മിപ്പിക്കുന്നു.

### 3. രിസ്പയുടെ ധൈര്യവും സംരക്ഷണവും

രിസ്പ, അമ്മയെന്ന നിലയിൽ വലിയ ധൈര്യവും സംരക്ഷണവും കാണിച്ചതായി തിരുവചനം സാക്ഷിക്കുന്നു. തന്റെ രണ്ട് ആൺമക്കൾ കൊല്ലപ്പെടുകയും അവരുടെ മൃതദേഹങ്ങൾ പുറത്ത് തൂങ്ങിക്കിടക്കുകയും ചെയ്തപ്പോൾ, രിസ്പ വളരെ ധീരമായ ഒരു കാര്യം ചെയ്തു. അവൾ വിലാപത്തിന്റെ അടയാളമായി ചാക്കു തുണി എടുത്ത് തന്റെ ആൺമക്കളുടെ മൃതദേഹങ്ങൾ ഉപേക്ഷിച്ച സ്ഥലത്തേക്ക് പോയി ഒരു പാറയിൽ ആ തുണി വിരിച്ചു. വിളവെടുപ്പിന്റെ ആരംഭം മുതൽ മഴ പെയ്യുന്നതുവരെ മാസങ്ങളോളം, പകൽ പക്ഷികളിൽ നിന്നും രാത്രിയിൽ കാട്ടുമൃഗങ്ങളിൽ നിന്നും അവയെ സംരക്ഷിക്കാൻ അവൾ മൃതദേഹങ്ങൾക്ക് സമീപം താമസിച്ചു.

പകൽ സമയത്ത് പക്ഷികൾ വന്ന് മൃതദേഹങ്ങൾ തിന്നുകയോ രാത്രിയിൽ കാട്ടുമൃഗങ്ങൾ അവരെ ഉപദ്രവിക്കുകയോ ചെയ്യാൻ അവൾ അനുവദിച്ചില്ല. അവൾക്ക് അഭയമോ ആശ്വാസമോ സഹായമോ ഉണ്ടായിരുന്നില്ല. എന്നിട്ടും, തന്റെ മക്കളുടെ അന്തസ്സ് സംരക്ഷിക്കാൻ അവൾ അവിടെ താമസിച്ചു. അവർ ഇതിനകം മരിച്ചുപോയിട്ടും, രിസ്പ അവരെ ഉപേക്ഷിച്ചില്ല. അവളുടെ പ്രവൃത്തികൾ അഗാധമായ സ്നേഹം നിറഞ്ഞതായിരുന്നു.

പൊതുസ്ഥലത്ത് ഒറ്റയ്ക്ക് നിൽക്കാൻ അവൾ ഭയപ്പെട്ടില്ല – അവളുടെ സംരക്ഷണവും – തന്റെ മക്കളുടെ മൃതദേഹങ്ങൾ സംരക്ഷിക്കാൻ അവൾ കഴിയുന്നതെല്ലാം ചെയ്തു. ഇത് അവളുടെ ധൈര്യത്തെ കാണിക്കുന്നു.

ഈ പ്രവൃത്തി അവളുടെ അത്ഭുതകരമായ ധൈര്യവും സ്നേഹവും കാണിക്കുന്നു. ആരും അവളോട് അത് ചെയ്യാൻ പറഞ്ഞില്ല. ആരും അവളെ സഹായിച്ചില്ല. പക്ഷേ, ഒരു അമ്മയുടെ സ്നേഹത്തിന്റെ ശക്തിയാൽ നയിക്കപ്പെട്ട് അവൾ ഒറ്റയ്ക്ക് നിന്നു. ലജ്ജയോ ഭയമോ അപകടമോ അവളുടെ കണ്ണിൽ ശരിയായത് ചെയ്യുന്നതിൽ നിന്ന് അവളെ തടയാൻ അവൾ അനുവദിച്ചില്ല. ദുഃഖത്തിലും പ്രയാസത്തിലും യഥാർത്ഥ സ്നേഹം ഉറച്ചുനിൽക്കുമെന്ന് രിസ്പയുടെ ജീവിതം നമ്മെ പഠിപ്പിക്കുന്നു. അവളുടെ ധൈര്യവും സംരക്ഷണാത്മക ഹൃദയവും ഒരു അമ്മയുടെ ആഴമേറിയതും നിശബ്ദവുമായ ശക്തിയെ ഓർമ്മിപ്പിക്കുന്നു.

### 4. നിശബ്ദതയിൽ രിസ്പയുടെ ശക്തി

സമാധാന ഉടമ്പടിയുടെ ഭാഗമായി തന്റെ രണ്ട് ആൺമക്കൾ കൊല്ലപ്പെട്ടപ്പോൾ, രിസ്പ നിലവിളിക്കുകയോ വഴക്കിടുകയോ പരാതിപ്പെടുകയോ ചെയ്തില്ല. പകരം, അവൾ അഗാധമായി ദുഃഖിച്ചിരുന്നിട്ടും, അവരുടെ മൃത

ദേഹങ്ങൾക്കരികിൽ താമസിക്കാനും വന്യമൃഗങ്ങളിൽ നിന്നും പക്ഷികളിൽ നിന്നും മാസങ്ങളോളം അവയെ സംരക്ഷിക്കാനും അവൾ തീരുമാനിച്ചു.

അവൾ വാക്കുകൾ ഉപയോഗിച്ച് വേദന പ്രകടിപ്പിച്ചില്ല - അവളുടെ പ്രവൃത്തികൾ ഉച്ചത്തിൽ സംസാരിച്ചു. അവളുടെ ശാന്തമായ സാന്നിധ്യം, അവളുടെ ജാഗ്രതയുള്ള പരിചരണം, അവളുടെ നീണ്ട കാത്തിരിപ്പ് എന്നിവ അവളുടെ ആഴമായ സ്നേഹവും ശക്തമായ സ്വഭാവവും കാണിച്ചു. ഭക്ഷണമോ പാർപ്പിടമോ ഇല്ലാതെ, ചൂടിലും തണുപ്പിലും, രാവും പകലും അവൾ അവിടെ താമസിച്ചു.

രിസ്പയുടെ മൗനം ബലഹീനതയായിരുന്നില്ല. മാന്യതയും സ്നേഹവും ധൈര്യവും പ്രകടിപ്പിക്കുന്നതിനുള്ള ശക്തമായ ഒരു മാർഗമായിരുന്നു അത്. രിസ്പ തെരുവുകളിൽ നിലവിളിച്ചില്ല. അവൾ പ്രതികാരം ചോദിച്ചില്ല. അവൾ ദാവീദ് രാജാവിനെതിരെ സംസാരിച്ചില്ല. പകരം, അവൾ തന്റെ പ്രവൃത്തികളെ സംസാരിക്കാൻ അനുവദിച്ചു. ആ പർവതത്തിലെ അവളുടെ നിശബ്ദ സാക്ഷ്യം വാക്കുകൾക്ക് കഴിയുന്നതിനേക്കാൾ രാജാവിന്റെ ഹൃദയത്തെ സ്പർശിച്ചു.

അവൾ എന്താണ് ചെയ്യുന്നതെന്ന് ദാവീദ് രാജാവ് കേട്ടു. അവളുടെ നിശബ്ദമായ കഷ്ടപ്പാടുകൾ - ഉച്ചത്തിലുള്ള വാക്കുകളല്ല, മറിച്ച് അവളുടെ വിശ്വസ്തവും സ്നേഹനിർഭരവുമായ പ്രവൃത്തികൾ - അവന്റെ ഹൃദയത്തെ സ്പർശിച്ചു. മൃതദേഹങ്ങൾ ബഹുമാനം അർഹിക്കുന്നുവെന്ന് അവൻ മനസ്സിലാക്കി. അതിനാൽ, ശൗൽ രാജാവിനോടും കുടുംബത്തോടും ഒപ്പം അവളുടെ പുത്രന്മാരുടെ അസ്ഥികൾ ശരിയായി സംസ്കരിക്കാൻ അവൻ ഉത്തരവിട്ടു.

കോപം നിറഞ്ഞ വാക്കുകളേക്കാൾ ശക്തമായിരുന്നു രിസ്പയുടെ സഹനം എന്ന് ഇത് കാണിക്കുന്നു. അവളുടെ നിശബ്ദ ധൈര്യം അന്തസ്സും നീതിയും സമാധാനവും കൊണ്ടുവന്നു. രിസ്പയുടെ നിശബ്ദത അർത്ഥപൂർണ്ണമായിരുന്നു. അത് അവളുടെ ആഴമായ ദുഃഖത്തെയും, അവളുടെ ശക്തമായ ഹൃദയത്തെയും, അനീതിക്കെതിരായ അവളുടെ നിശബ്ദ പ്രതിഷേധത്തെയും കാണിച്ചു.

ബൈബിളിൽ പലരും നീതിക്കുവേണ്ടി സംസാരിച്ചിട്ടുണ്ട്, പക്ഷേ രിസ്പ നിശബ്ദയായി നിന്നു. ആ നിശബ്ദതയിലൂടെ ദൈവം പ്രവർത്തിച്ചു. ദാവീദ് അവളെ കണ്ടു, അത് ആഴത്തിൽ സ്പർശിച്ചു. അവളുടെ നിശബ്ദ സഹിഷ്ണുത ആയിരം പ്രസംഗങ്ങളേക്കാൾ ഉച്ചത്തിൽ സംസാരിച്ചു. ഈ രീതിയിൽ, നീതി, സ്നേഹം, ബഹുമാനം എന്നിവയ്ക്കുള്ള ശബ്ദമായി രിസ്പയുടെ മൗനം മാറി.

**5. രിസ്പയുടെ സ്വാധീനവും പൈതൃകവും**

രിസ്പയുടെ പ്രവർത്തനങ്ങൾ നിശബ്ദമായിരുന്നു, പക്ഷേ ശക്തമായിരുന്നു. അവൾ വാക്കുകൾ കൊണ്ട് പ്രതിഷേധിച്ചില്ല - അവളുടെ നിശബ്ദ വിലാപം ഏതൊരു പ്രസംഗത്തേക്കാളും ആഴത്തിൽ സംസാരിച്ചു.

രിസ്പ ചെയ്ത കാര്യം ദാവീദ് രാജാവ് കേട്ടപ്പോൾ, അവൻ വികാരഭരിതനായി. അവളുടെ വിശ്വസ്ത സ്നേഹവും മക്കളെക്കുറിച്ചുള്ള അക്ഷീണമായ നിരീക്ഷണവും മരിച്ചവരെ ബഹുമാനിക്കാനുള്ള തന്റെ കടമയെ ഓർമ്മിപ്പിച്ചു. തൽഫലമായി, ദാവീദ് അവളുടെ പുത്രന്മാരുടെയും ശൗലിന്റെയും യോനാഥാന്റെയും അസ്ഥികൾ ശേഖരിച്ച് അവരുടെ കുടുംബ ശവകുടീരത്തിൽ ശരിയായി അടക്കം ചെയ്യാൻ ഉത്തരവിട്ടു.

ഈ പ്രവൃത്തി പ്രധാനമായിരുന്നു. അത് രിസ്പയുടെ പുത്രന്മാർക്ക് മാത്രമല്ല, ഇസ്രായേലിന്റെ ആദ്യത്തെ രാജാവായ ശൗലിന്റെ മുഴുവൻ കുടുംബത്തിനും അന്തസ്സും സമാധാനവും നൽകി. ദേശീയ വേദനയുടെയും കുടുംബ ദുഃഖത്തിന്റെയും ഒരു കാലഘട്ടത്തിന് സമാപനം, ബഹുമാനം, രോഗശാന്തി എന്നിവ നൽകാൻ രിസ്പയുടെ ശാന്തമായ ശക്തി സഹായിച്ചു. അവളുടെ വിശ്വസ്ത പ്രവൃത്തി സ്വന്തം കുടുംബത്തിന് മാത്രമല്ല, ശൗലിന്റെ കുടുംബത്തിനും അടച്ചുപൂട്ടലും അന്തസ്സും കൊണ്ടുവന്നു.

രിസ്പയുടെ ശാന്തമായ ശക്തി ഒരു ജനതയെ സുഖപ്പെടുത്താൻ സഹായിച്ചു. അവളുടെ സ്നേഹപ്രകടനത്തിനും ദാവീദിന്റെ പ്രതികരണത്തിനും ശേഷം ക്ഷാമം അവസാനിച്ചു. ഔദ്യോഗിക അധികാരമില്ലാത്തവർക്കും സ്നേഹം, ത്യാഗം, സ്ഥിരോത്സാഹം എന്നിവയിലൂടെ രാജാക്കന്മാരെ സ്വാധീനിക്കാനും ചരിത്രം മാറ്റാനും കഴിയുമെന്ന് രിസ്പ നമ്മെ ഓർമ്മിപ്പിക്കുന്നു.

രിസ്പയേക്കുറിച്ചുള്ള ബൈബിളിലെ പരാമർശം ചെറുതാണ്, പക്ഷേ അവളുടെ സ്വഭാവം അവിസ്മരണീയമാണ്. അവൾ വിശ്വസ്തയും ധീരയും ആത്മത്യാഗിയും എളിമയുള്ളവളും ശക്തയുമായിരുന്നു. സ്നേഹം എല്ലായ്പ്പോഴും ഉച്ചത്തിലല്ലെന്ന് അവൾ നമ്മെ പഠിപ്പിക്കുന്നു. ചിലപ്പോൾ, പ്രവൃത്തികളിലും, കാത്തിരിപ്പിന്റെ നീണ്ട രാത്രികളിലും, ഒറ്റയ്ക്ക് നിൽക്കാനുള്ള ധൈര്യത്തിലും അത് കാണാം.

ആഴത്തിലുള്ള സ്നേഹത്തിനും സഹനത്തിനും ദൈവത്തിന്റെയും മനുഷ്യന്റെയും ഹൃദയത്തെ എത്രത്തോളം സ്പർശിക്കാൻ കഴിയുമെന്നതിന്റെ ഒരു തെളിവാണ് രിസ്പ. വേദനയിലും നമുക്ക് മാന്യത തിരഞ്ഞെടുക്കാൻ കഴിയുമെന്ന ഓർമ്മപ്പെടുത്തലാണ് അവൾ. നഷ്ടത്തിലും നമുക്ക് വിശ്വാസം പ്രകടിപ്പിക്കാൻ കഴിയും. നമ്മുടെ നിശബ്ദ സാക്ഷ്യത്തിലൂടെ, നമുക്ക് മറ്റുള്ളവർക്ക് രോഗശാന്തി നൽകാൻ കഴിയും. ❑

## ചരിത്രകാരന്മാരുടെ അപൂർവ്വ സംഗമം

കോട്ടയം: ഒരു നൂറ്റാണ്ടിന്റെ പുണ്യം വഹിക്കുന്ന ചരിത്രകാരന്മാരുടെ അപൂർവ്വ സംഗമം.

സഭാചരിത്രകാരനും പത്രപ്രവർത്തകനുമായ കോട്ടയ്ക്കൽ കെ. വി. മാമ്മനും (96) ചരിത്രകാരനും ഓർത്തഡോക്സ് യുവജന പ്രസ്ഥാനം മുൻ കേന്ദ്ര ജനറൽ സെക്രട്ടറിയും കേന്ദ്ര-സംസ്ഥാന അധ്യാപക അവാർഡ് ജേതാവുമായ തിരുവല്ല കെ.എം. മാത്യവും (94) വായനാദിനത്തിൽ ഒന്നിച്ച് കൂടി എഴുത്തനുഭവങ്ങൾ പങ്കിട്ടു.

സഭാചരിത്രം, പത്രപ്രവർത്തനം, മലയാള സാഹിത്യം, സംസ്കാരം എന്നീ വിഭാഗത്തിൽ 100 ൽപ്പരം ഗ്രന്ഥങ്ങൾ കെ. വി. മാമ്മൻ എഴുതി. ചരിത്രം, സംസ്കാരം, വിദ്യാഭ്യാസം എന്നീ വിഭാഗത്തിൽ 20-ലധികം ഗ്രന്ഥങ്ങൾ കെ. എം. മാത്യുവും എഴുതിയിട്ടുണ്ട്.

കെ.എം മാത്യു പരുമല തിരുമേനിയെക്കുറിച്ചും കെ. വി മാമ്മൻ സഭാ ചരിത്രത്തെക്കുറിച്ചും ഇപ്പോൾ എഴുതിക്കൊണ്ടിരിക്കുകയാണ്.

മലയാള മനോരമയിൽ 38 വർഷത്തെ സേവനത്തിനുശേഷം (1953-90) അസിസ്റ്റൻറ് എഡിറ്റർ എന്ന നിലയിൽ കെ. വി. മാമ്മൻ വിരമിച്ചു. കെ. എം. മാത്യു തിരുവല്ല എം.ജി.എം. ഹൈസ്കൂൾ ഹെഡ്മാസ്റ്ററായി വിരമിച്ചു.



വായനാ ദിനത്തിൽ ഓർത്തഡോക്സ് സെമിനാരി പ്രിൻസിപ്പാൾ ഫാ. ഡോ. ജോൺ തോമസ് കരിങ്ങാട്ടിൽ ഇരുവരേയും പൊന്നാട അണിയിച്ച് ആദരിച്ചു.

വചനതീർത്ഥം

# പെന്തിക്കോസ്തിക്കുശേഷം മൂന്നാം ഞായർ

## (വി. യോഹന്നാൻ 6:35–46)

ഫാ. മോൻസി ഫിലിപ്പ്



"ഞാൻ ജീവന്റെ അപ്പം ആകുന്നു; എന്റെ അടുക്കൽ വരുന്നവനു വിശക്കുകയില്ല; എന്നിൽ വിശ്വസിക്കുന്നവന് ഒരു നാളും ദാഹിക്കുകയുമില്ല."

"ജീവന്റെ അപ്പം", "സ്വർഗ്ഗത്തിൽ നിന്നുള്ള അപ്പം", അതു ക്രിസ്തുവാണെന്നുള്ള വലിയ പാഠം ഉത്ബോധിപ്പിക്കുന്ന അനുഭവത്തിന്റെ ദിനം. ഇന്നത്തെ വേദവായനാഭാഗം വി. യോഹന്നാൻ 6:35–46 വരെ. വി. യോഹന്നാന്റെ സുവിശേഷത്തെ ജീവന്റെ സുവിശേഷം എന്ന് വിശേഷിപ്പിക്കാറുണ്ട്. നിത്യജീവനെ സംബന്ധിച്ച കാര്യങ്ങൾ സുവിശേഷത്തിന്റെ ആദ്യഭാഗങ്ങളിൽ ദർശിക്കാം. കർത്താവിന്റെ "ഞാനാകുന്നു" എന്നുള്ള ഏഴ് പ്രസ്താവനകൾ വി. യോഹന്നാന്റെ സുവിശേഷത്തിന്റെ പ്രത്യേകതയാണ്. അതിൽ ആദ്യത്തേതാണ് "ഞാൻ ജീവന്റെ" അപ്പമാകുന്നു എന്നുള്ളത്. അത് ഇന്നത്തെ വേദ ചിന്തയുടെ ശ്രേഷ്ഠമായ ഭാഗമാണ്.

തിബേര്യാസ് കടൽക്കരയിൽ വച്ച് കർത്താവ് അഞ്ച് അപ്പം കൊണ്ട് അയ്യായിരം പേരെ പോഷിപ്പിക്കുന്ന സംഭവവും ജനങ്ങൾ യേശുവിനെ രാജാവാക്കുവാൻ തിരഞ്ഞ് കഫർന്നഹൂമിൽ എത്തുന്നതുമായ സന്ദർഭവുമാണ് വേദഭാഗത്തിന്റെ പശ്ചാത്തലം. ക്രിസ്തു തന്നെ പിൻതുടർന്ന ജനത്തോട് ഞാൻ ജീവന്റെ അപ്പം എന്ന് പറഞ്ഞു കൊണ്ട് വിശ്വാസത്തിന്റെ വിത്തുകൾ പാകുന്നു. പിതാവിന്റെ ഇഷ്ടത്തെ കുറിച്ചും, തന്റെ ദൗത്യത്തെകുറിച്ചും പ്രബോധിപ്പിക്കുന്നു. അതിൽ യഹൂദർ നീരസപ്പെട്ട് ക്രിസ്തുവിനെ കുറിച്ച് പിറുപിറുക്കുന്നു. അതിന് ക്രിസ്തു നൽകുന്ന ഉത്തരം ഉയിർപ്പിന്റെ വാഗ്ദാനം എന്നിവയാണ് വേദഭാഗ ഇതിവൃത്തം.

**വേദഭാഗ ചിന്തകൾ**

**1. ക്രിസ്തു: ആത്മാവിന്റെ ആഹാരം**

വി. യോഹന്നാൻ 6:35

"ഞാൻ ജീവന്റെ അപ്പം ആകുന്നു."

ഏറ്റവും ശ്രേഷ്ഠതയുള്ള വചനം, അത് ദൈവിക സത്യം. നമ്മുടെ ജീവിതത്തിൽ ശാരീരിക ആഹാരം പോലെ തന്നെ ആത്മാവിനും ആഹാരമുണ്ട് അത് ക്രിസ്തുവാണെന്ന് ഓർമ്മിപ്പിക്കുന്നു. ഭൗതിക ആഹാരം ഇല്ലാതെ ഐഹിക ജീവിതം അസാധ്യമാണ്. ക്രിസ്തുവിനെ കൂടാതെ യഥാർത്ഥ ആത്മീയ ജീവിതം അസാധ്യമാണ്. ദൈവത്തെ നാം അറിയുകയും സ്വീകരിക്കുകയും ചെയ്യുമ്പോൾ സംതൃപ്തിയും സന്തുഷ്ടിയും ജീവിതത്തിന് അർത്ഥവും ഉണ്ടാകുന്നു.

ആധുനിക തലമുറയുടെ പ്രശ്നം ജീവിതത്തിന് അർത്ഥം കണ്ടെത്താൻ കഴിയാതെ പോകുന്നതാണ്. അവർ ജീവന്റെ ആഹാരത്തേക്കാൾ ഭൗതികമായ ആഹാരത്തിനും കാര്യങ്ങൾക്കും പ്രാധാന്യം നൽകുന്നതിനാലാണ്. മനുഷ്യന്റെ ദേഹം, ദേഹി, ആത്മാവ് ഇവയ്ക്ക് ഒരുപോലെ വളർച്ചയുണ്ടാകണം. ലോകത്തിലെ നശിച്ചുപോകുന്ന ആഹാരം, ഇതുപോലെ

"ഇഹത്തിലെ ധനം സുഖം യശ്ശസ്സുമാ... ജാത്യവും
വഹിച്ചുകൊണ്ടു പോകയില്ല മർത്യനന്ത്യയാത്രയിൽ
അഹന്തകൊണ്ടഴക്കുപെട്ടിടാത്ത പുണ്യമെന്നുതൻ
വരുത്തിടും പരത്തിലും മഹത്തരം പ്രയോജനം.

– സിസ്റ്റർ മേരി ബനിഞ്ജോ

ശാരീരിക വളർച്ചയ്ക്കും സംരക്ഷണത്തിനും ജീവനെ നിലനിർത്തുന്നതിനും ആഹാരം അഥവാ അപ്പം ആവശ്യമാണ്. എന്നാൽ അതിനെക്കാൾ ഉപരി ആദ്ധ്യാത്മികമായി വളർന്നു ബലപ്പെടുവാൻ ദൈവത്തോടുള്ള അടുപ്പം മനുഷ്യജീവിതത്തിൽ ആവശ്യമാണ്. ആരാധനാ ജീവിതം വഴി, വി.കുർബ്ബാന വഴിയായി യേശുക്രിസ്തുവിന്റെ ജീവനോടും ജീവിതത്തോടും നാം പങ്കാളികളാകുന്നു.

യഥാർത്ഥമായി ക്രിസ്തുവിനെ തിരിച്ചറിഞ്ഞ് അവനെ ആഹരിക്കുമ്പോൾ പാപമോചനവും, നിത്യജീവനും നാം പ്രാപിക്കും. ക്രിസ്തു എന്ന ആത്മാവിന്റെ അപ്പം അഥവാ ആഹാരം എന്നു പറയുമ്പോൾ.

1. ജീവനെ നിലനിർത്തുന്നതാണ്, ക്രിസ്തു എന്ന അപ്പം. കൂടാതെ മനുഷ്യന് ജീവിപ്പാൻ സാധ്യമല്ല, അത്യാവശ്യമത്രേ.

2. ദൈവത്തോടുള്ള സജീവ ബന്ധം നൽകുന്നു. അനുസരണത്തിന്റെ, ആശ്രയത്തിന്റെയും ബന്ധം.



3. ദൈവവുമായുള്ള ബന്ധം ക്രിസ്തു വഴി മാത്രം.

ക്രിസ്തു ജീവദായകൻ.

ആകയാൽ ക്രിസ്തുവാണ് ജീവന്റെ മുഖ്യഘടകം. ക്രിസ്തുവിനെ കൂടാതെ ജീവൻ ഇല്ല. അവനെ അറിയുന്നതോടെ ആത്മിക വിശപ്പും ദാഹവും മാറിപ്പോകുന്നു.

ശ്രീബുദ്ധന്റെ അഷ്ടാംഗമാർഗ്ഗത്തിൽ പറയുന്നു.

"മോഹമാണ് എല്ലാ പാപങ്ങൾക്കും കാരണം."

അതിനാൽ ലൗകികമോഹങ്ങൾ വെടിഞ്ഞ് ആത്മാവിന്റെ ആഹാരമായി ക്രിസ്തു എന്ന അപ്പത്തെ ഭജിക്കാം. ക്രിസ്തു മാത്രം മോഹമാകുമ്പോൾ പാപമോചനവും, നിത്യജീവനും ലഭിക്കും.

ക്രിസ്തു ആകട്ടെ നമ്മുടെ ആത്മീക ആഹാരം.

**2. പിതാവിന്റെ ഇഷ്ടം ചെയ്യുന്ന പുത്രൻ - അത് ക്രിസ്തു**

വി. യോഹന്നാൻ 6:36-40

ഈ വേദഭാഗങ്ങളിൽ ക്രിസ്തു വിശ്വസിക്കുവാനുള്ള ആഹ്വാനവും, ദൈവം എല്ലാവരെയും ആകർഷിക്കുന്നു എന്നും. ദൈവത്തിന്റെ ഇഷ്ടം നിറവേറ്റുന്നതാണ് യേശുവിന്റെ ഇഷ്ടം എന്നും ക്രിസ്തു ഓർമ്മപ്പെടുത്തുന്നു.

ക്രിസ്തീയ ജീവിതത്തിന്റെ പടികൾ.

1. ക്രിസ്തുവിനെ കാണുക.

അന്നുള്ളവർ മുഖാമുഖമായി കണ്ടു. ഇന്നുള്ളവർ സുവിശേഷത്തിൽ കൂടെയും. വി. സഭയുടെ ഉപദേശത്തിലൂടെയും ക്രിസ്തുവിനെ ഇന്നു കാണണം.

2. ക്രിസ്തുവിനെ വിദൂരസ്ഥനായ ഒരുവനെപ്പോലെയല്ല. നമ്മിൽ വാസം ചെയ്യുന്നവനായ ബോധ്യപ്പെടണം.

3. ക്രിസ്തുവിൽ വിശ്വസിക്കണം. ദൈവത്തെക്കുറിച്ചും, മനുഷ്യനെക്കുറിച്ചും, ജീവനെക്കുറിച്ചും താൻ പറഞ്ഞതെല്ലാം വിശ്വസിക്കണം. പരിപൂർണ്ണ സമർപ്പണം.

ഇതെല്ലാമാണ് ജീവൻ പ്രാപിക്കുവാനുള്ള ആദ്യഘടകങ്ങൾ. വി. യോഹന്നാൻ 6:37-ാം വാക്യത്തിൽ "പിതാവ് എനിക്കു തരുന്നത് ഒക്കെയും എന്റെ അടുക്കൽ വരും." ദൈവം മനുഷ്യഹൃദയങ്ങളിൽ ക്രിസ്തുവിനെ ആഗ്രഹിക്കുവാനുള്ള ബോധം നൽകും.

ആ സമർപ്പണത്തിനു വിശുദ്ധമായി നിൽക്കുന്ന എതിർഭാവം ദൈവം മാറ്റും.

"ദൈവം കണ്ടെത്താത്ത ഒരുവന് ദൈവത്തെ കണ്ടെത്തുവാനുള്ള കഴിവുണ്ടാകുകയില്ല."

ആത്മീക സംതൃപ്തിക്കുള്ള ഏക മാർഗ്ഗം.

"വരിക, വിശ്വസിക്കുക"

വരിക - ശാരീരികവും

വിശ്വസിക്കുക - ആത്മികവും.

കർത്താവിന്റെ ആഗമനോദ്ദേശത്തെക്കുറിച്ച് 38-40 വരെ പ്രതിപാദിക്കുന്നു. പിതാവിന്റെ ഇഷ്ടവും പുത്രന്റെ ഇഷ്ടവും ഒന്നുതന്നെ. ജഡധാരണം ചെയ്ത കർത്താവ് ആ ഇഷ്ടം ചെയ്യുന്നു. പ്രവൃത്തിപഥത്തിലാക്കുന്നു. താൻ സ്വർഗ്ഗത്തിൽ നിന്നും ഇറങ്ങിവന്നവനാണ് എന്ന ഗഹനമായ സത്യത്തേയും ആവർത്തിക്കുന്നു.

1. ഒരുവനും നശിച്ചുപോകരുത്.

2. നിത്യജീവനായി ഉയിർത്തെഴുന്നേൽക്കണം.

ഇവ രണ്ടുമാണ് ക്രിസ്തുവിന്റെ രക്ഷണ്യവേലയുടെ ഉള്ളടക്കം.

40-ാം വാക്യം. ധ്യാനാർഹമാണ്.

I. പുത്രനെ കാണുക

1. ലോക രക്ഷകനായി

"രക്ഷയ്ക്കായി മറ്റൊരു നാമവുമില്ല" (അപ്പോ.പ്ര. 4:12)

2. സ്വന്ത രക്ഷകനായി

"യേശുക്രിസ്തു പാപികളെ രക്ഷിപ്പാൻ ലോകത്തിൽ വന്നു എന്നുള്ളതു വിശ്വാസ്യവും എല്ലാവരും അംഗീകരിക്കുവാൻ യോഗ്യമായ വചനം തന്നെ; ആ പാപികളിൽ ഞാൻ ഒന്നാമൻ" (1 തിമോ. 1:15).

തദനുസരിച്ചുള്ള സമർപ്പണം.

II. അവനിൽ വിശ്വസിക്കുക.

1. അവന്റെ ദൈവത്വത്തിൽ
2. മനുഷ്യത്വത്തിൽ
3. രക്ഷദായകമായ യാഗത്തിൽ
4. വിശ്വസിച്ചവനെ അറിയുക, അനുകരിക്കുക.

ഈ രണ്ടു ചുമതലകളും നിർവ്വഹിച്ച് ഒരുക്കപ്പെട്ടിരിക്കുന്നതായ നിത്യജീവൻ അനുഭവമാക്കുക. ഇതാണ് പിതാവിന്റെ ഇഷ്ടം. തന്നെ സംബന്ധിച്ചുള്ള പിതാവിന്റെ ഇഷ്ടവും വിശ്വസിക്കുന്നവരെക്കുറിച്ചുള്ള പിതാവിന്റെ ഇഷ്ടവും രണ്ടും ക്രിസ്തു ഇവിടെ സ്പഷ്ടമാക്കി.

അതിനാൽ ക്രിസ്തുവിനെ നോക്കികൊണ്ട് അവനിൽ വിശ്വസിച്ച് പിതാവിന്റെ ഇഷ്ടം ചെയ്യുന്നവരും പിതാവിന് ഇഷ്ടമുള്ളവരുമായി തീരാം.

**3. യഹൂദരുടെ തിരസ്കരണവും ക്രിസ്തു നൽകുന്ന ഉയിർപ്പിന്റെ വാഗ്ദാനവും.**

വി. യോഹന്നാൻ 6:41-46

"ഞാൻ സ്വർഗ്ഗത്തിൽ നിന്നും ഇറങ്ങിവന്ന അപ്പം" എന്ന ക്രിസ്തു പ്രഖ്യാപനം യഹൂദരെ ക്ഷുഭിതരാക്കി. യഹൂദരുടെ ചില അബദ്ധ ചിന്തകൾ.

1. അവർ ബാഹ്യമാനദണ്ഡം മാത്രം വച്ച് ക്രിസ്തുവിനെ വിലയിരുത്തി.
2. അവർ പരസ്പരം ആശയവിനിമയം നടത്തി.
3. അവർ യേശുവിന്റെ കേൾവിക്കാർ മാത്രമായിരുന്നു അവനെ പഠിച്ചില്ല.
4. അവർ പിതാവിന്റെ ആകർഷണത്തെ എതിർത്തു.

മാനുഷികമായി മാത്രം ചിന്തിച്ചാൽപ്പോലും സർവ്വശക്തനായ ദൈവത്തിന് സർവ്വവും സാധ്യമെന്നും കുപ്പയിൽ നിന്നുയർത്തി സിംഹാസനത്തിന്മേൽ ഇരുത്തുവാൻ കഴിയുമെന്ന് അവർ അറിയേണ്ടിയിരുന്നു. ദൈവഹിതത്തേക്കുറിച്ച് അവർ ചിന്തിച്ചതേയില്ല. നാമും ചിലപ്പോൾ അങ്ങനെ ആകാറില്ലേ? പ്രയാസമുള്ള കാര്യങ്ങൾ വിശ്വാസസത്യങ്ങൾ ഒക്കെ വരുമ്പോൾ ബുദ്ധിപരമായ ആലോചനകളല്ല. ദൈവോപദേശം മാത്രം നാം പഠിക്കുവാൻ ശ്രമിക്കണം.

യേശുതമ്പുരാൻ യഹൂദരുടെ പിറുപിറുപ്പിന് മറുപടിയായി പിതാവിന്റെ ആകർഷണം ഇല്ലാതെ ക്രിസ്തുവിന്റെ അടുക്കൽ ആർക്കും വരവ് സാധ്യമല്ല എന്നു നൽകുന്നു. അങ്ങനെ വരുന്നവന് ഉയിർപ്പിന്റെ വാഗ്ദാനവും നൽകുന്നു.

യേശുവിൽ വിശ്വസിച്ച് വാങ്ങിപ്പോകുന്നവരെ യേശു സംരക്ഷിച്ച് ഒടുക്കത്തെ നാളിൽ ഉയിർത്തെഴുന്നേൽപ്പിക്കും. യേശുവിൽ വിശ്വസിച്ച് നന്മ ചെയ്തവർ നിത്യജീവനിലേക്ക് ഉയിർക്കും. യേശുവിന്റെ അടുക്കൽ വരുന്നവരെ നിത്യനാശത്തിലേക്ക് തള്ളിക്കളയുകയില്ല. ആ നിത്യനാശം. "അന്ധകാരമാണ്" (വി. മത്തായി 22:13) അതു നരകമാണ് (വി. മത്തായി 10:28). അവിശ്വാസികൾ യേശുവിനെ മാത്രമല്ല പിതാവിനെയും സ്വീകരിക്കാത്തവരാണ്.

മശിഹായിൽ വിശ്വസിക്കുന്നവർക്കു ലഭിക്കുന്ന ശരിയായ പ്രതിഫലം അവസാന ഉയിർപ്പിങ്കൽ വരുവാനുള്ള ലോകത്തിലാണ് നൽകപ്പെടുന്നത്. ശാരീരിക മരണത്തിൽ നിന്നല്ല, ആത്മിക മരണത്തിൽ നിന്ന് രക്ഷിപ്പാനാണ് അവിടുന്ന് വന്നത്. മശിഹായിൽ വിശ്വസിക്കുന്നവരും മരിക്കുക തന്നെ ചെയ്യുമെങ്കിലും ആ മരണശേഷവും സന്തോഷകരമായ പുനരുത്ഥാനം ഉണ്ടാകും.

ആയതിനാൽ യേശു "ജീവന്റെ അപ്പം" അത് ഉറച്ച് വിശ്വസിക്കാം.

യേശു ജീവന്റെ അപ്പമെങ്കിൽ അവനാണ് ജീവൻ നൽകുന്നത്, നിലനിർത്തുന്നത്. അവന്റെ ക്ഷണം അവഗണിച്ചാൽ മരണം നിശ്ചയം. പഴയനിയമത്തിൽ ചാരന്മാരുടെ അറിയിപ്പിനെ അവഗണിച്ച് തലമുറ കനാനിൽ കടക്കാനിടയാകാതെ മരുഭൂമിയിൽ കറങ്ങി മരിച്ച വിവരം ഓർക്കുക. (സംഖ്യ 14).

അതിനാൽ കർത്താവിന്റെ വചനങ്ങൾ ആഹരിച്ചുകൊണ്ട് ജീവനും, ജീവിതവും, നിത്യജീവനും പ്രാപിക്കുവാൻ ഇടയാകട്ടെ.



**Manna Elizabeth Philip, is awarded Ph.D in Computer Science and Engineering from UNSW, Australia (Member of Kolladu St Pauls Orthodox Church).**

Church Calendar

# Third Sunday after Pentecost

## (St. Matthew 16:13–28)



## Fr Aaron Joshua John

The Gospel passage for this Sunday carries the weight of one of the most pivotal moments in the New Testament: Peter's confession that Jesus is the Christ, and Jesus' profound teaching on discipleship through the cross. This day is made even more meaningful by the commemoration of the Feast of Saints Peter and Paul, two apostles who, despite their weaknesses and very different personalities, became unshakable pillars of the early Church.

This passage reveals both a divine revelation and a human struggle. It shows us the true identity of Christ and the cost of following Him. In a time when easy belief is often mistaken for faith, this reading brings us back to the heart of Christian witness, knowing Christ rightly, and following Him even unto suffering.

**1. Confession of Christ: More Than Words**

At Caesarea Philippi, surrounded by symbols of pagan power and false divinity, Jesus asks His disciples, "Who do you say that I am?" Peter answers with a confession that echoes across the ages: "You are the Christ, the Son of the Living God." Jesus responds by affirming that this knowledge comes not from flesh and blood, but from the Father in heaven. This confession becomes the rock upon which the Church is founded, not because of Peter's personality or rank, but because of the truth revealed in his words.

But this truth is quickly tested. When Jesus speaks of His impending suffering and death, Peter resists: "Far be it from You, Lord! This shall not happen to You." Jesus rebukes him sharply: "Get behind Me, Satan!" The same Peter who confessed rightly now becomes a stumbling block.

The Church Fathers are clear about this duality. Origen writes that the true rock is Christ confessed in truth and lived in obedience. St. Augustine teaches that Peter's confession is not a moment to rest upon, but a beginning of deeper discipleship. In the liturgy, this confession becomes sacramental. Every time the priest proclaims "Holy things for the holy people," and we respond with faith, we affirm the truth of Christ's divinity. But like Peter, our confession must move beyond words and enter the realm of obedience, even when that obedience leads to the cross.

**2. Discipleship Through the Cross**

Jesus does not allow Peter's confession to remain isolated from the way of suffering. Immediately after Peter's rebuke, Jesus teaches: "If anyone desires to come after Me, let him deny himself, take up his cross, and follow Me." This is not a metaphorical suggestion, but a spiritual and physical calling.

The apostles learned this slowly, with struggle. Yet the Church remembers that Peter was crucified upside-down, and Paul beheaded, both in Rome. Their lives were not only shaped by doctrine but by the cross. Their authority comes not from title but from the wounds they bore in imitation of Christ. St. Paul writes in Philippians, "For to me, to live is Christ, and to die is gain." In Galatians he says, "I bear in my body the marks of the Lord Jesus." This is the pattern laid out for all believers: not just to admire Christ, but to enter into the mystery of His death and resurrection.

Even in our own time, this remains true. The sacraments lead us into the life of Christ, and through the Eucharist we become participants in His suffering and victory. As we partake of His Body and Blood, we are strengthened to walk the way of the cross in daily life, in humility, in service, in endurance, and in love.

The Gospel today reminds us that confessing Christ requires more than correct words. It demands a life shaped by the cross. Peter's confession is the seed; his martyrdom is the fruit. Paul's theology is rooted in suffering; his mission is sealed in blood. The Church stands not on eloquence or power, but on the lives of those who have truly followed Christ.

As we honor Saints Peter and Paul, we are reminded that the path of apostleship is open to all, not by might or merit, but by grace. If we too confess Christ, and take up our cross, we will find ourselves drawn into the same fellowship, the fellowship of the crucified and risen Lord, in whom all things are made new.

May we follow not only in word, but in life, and be counted worthy to share in the reward that He has promised to those who love Him.



ഇടുക്കി മെത്രാസന ഇടവകയുടെ 43-ാമത് വാർഷിക പൊതുയോഗം ചക്കുപള്ളം ഗത്സീമോൻ അരമനയിൽ നടന്നു.



വലഞ്ഞവട്ടം സെന്റ് മേരിസ് ഓർത്തഡോക്സ് പള്ളിയിൽ ആരംഭിക്കുന്ന ലഹരി വിരുദ്ധ പ്രചാരണ യജ്ഞത്തിന്റെയും യോഗ യൂണിറ്റിന്റെയും ഉദ്ഘാടനം സബ് കളക്ടർ സുമിത് കുമാർ താക്കൂർ നിർവ്വഹിച്ചു. മലങ്കര അസോസിയേഷൻ സെക്രട്ടറി അഡ്വ. ബിജു ഉമ്മൻ ലോഗോ പ്രകാശനം ചെയ്തു.

മറുപുറം

# ചൂല് കണ്ടെത്തിയ നാണയം (ദ്രഹ്മ)

## ഫാ. അജീഷ് ബാബു

കൺമുമ്പിൽ നിന്ന് മറഞ്ഞിരിക്കുന്ന ആ ഒരു വിലപ്പെട്ട നാണയം (ദ്രഹ്മ) അവളിൽ ഉണ്ടാക്കുന്ന മാനസികമായ പൊരുത്തക്കേടുകളും ശാരീരികമായ അധ്വാനവും ചെറുതല്ല. തന്റെ കൺമുമ്പിൽ നിന്ന് അപ്രത്യക്ഷമായ ആ നാണയത്തെ തിരിച്ചുപിടിക്കാൻ അവൾ നടത്തുന്ന ശ്രമത്തിന്റെ പേരാണ് വെളിച്ചത്തിന്റെ സാന്നിധ്യത്തിൽ അവൾ അടിച്ചുവാരാൻ സ്വയം എടുത്ത ചൂല്. ഗുരു പറയുന്നത് കണ്ടുകിട്ടുന്ന നാണയത്തെക്കുറിച്ചാണ്. അതിന്റെ പുറകിൽ ഒരു രഹസ്യമേയുള്ളൂ കണ്ടുകിട്ടാൻ കഴിയാത്ത രീതിയിൽ ഒരു നാണയവും (ദ്രഹ്മ) എന്നെന്നേക്കുമായി നഷ്ടപ്പെട്ടുപോകുന്നില്ല. ചൂലെടുത്ത അമ്മ താൻ തന്നെയാണെന്ന് ഗുരു പറയാതെ പറഞ്ഞുവെക്കുന്നു. ഇവിടെ ഉണ്ടാകുന്ന ഒരു വലിയ ചോദ്യം ചൂൽ ആണോ നാണയം ആണോ പ്രധാനപ്പെട്ടത്. നാണയത്തിന്റെ കഥകളാണ് നമുക്ക് എല്ലാകാലത്തും അധികം പ്രണയം തോന്നാറുള്ളത്. കാരണം പ്രാർത്ഥിക്കുന്നത് പോലും ചിലപ്പോഴൊക്കെ ആ നാണയത്തെ പ്രതിയാണ്. നാണയത്തെ വീണ്ടെടുക്കാൻ അവൾ കയ്യിലെടുത്ത വീട് അടിച്ചുവാരിയ ചൂൽ എല്ലാകാലത്തും ദൈവത്തിന്റെ വീണ്ടെടുപ്പിന്റെ അടയാളമാണ്. കത്തി നിൽക്കുന്ന വെളിച്ചത്തോട് വൃത്തിയാക്കുന്ന ചൂല് ഏറെ സത്യസന്ധത ഉള്ളതാണ്.

സ്നേഹിതമാരെയും അയൽക്കാരത്തികളെയും വിളിച്ചുകൂട്ടി: കാണാതെ പോയ ദ്രഹ്മ കണ്ടു കിട്ടിയതുകൊണ്ടു എന്നോടുകൂടെ സന്തോഷിപ്പിൻ എന്നു പറയും.

(ലൂക്കോസ് 15:9)

ഭവനത്തിന് പുറത്തുള്ളവർ:

അമ്മ പങ്കുവെക്കുന്ന സന്തോഷം ഭവനത്തിന് പുറത്തുള്ളവരെ ചേർത്ത് നിർത്തിയാണ്. നമുക്ക് പുറത്തുള്ളവർ നമ്മുടെ ആഹ്ലാദങ്ങൾക്ക് പങ്കുകാരാകുമ്പോൾ അവർ നമുക്കുള്ളവരാകും. അവൾ വീടിനു പുറത്ത്, കണ്ടുകിട്ടിയ നാണയം ഒരു കൈയിൽ വീണ്ടെടുക്കാൻ തനിക്കൊപ്പം നിന്ന ചൂൽ മറുകൈയിൽ. ഉറക്കെ വിളിച്ചു പറഞ്ഞു 'എന്റെ വാതിലുകൾ തുറന്നിട്ടിരിക്കുന്നു ജനാലകൾ നിങ്ങളെ കാത്തിരിക്കുന്നു. വരിക നമുക്ക് സന്തോഷം പങ്കിടാം '. നഷ്ടപ്പെട്ടുപോയ നാണയങ്ങൾ വീട്ടിനു പുറത്ത് അവൾ കണ്ടെത്തുന്നു.

പുറത്ത് സ്വയം കണ്ടെത്തൽ:

ഒരുതരത്തിൽ ചൂലെടുത്ത അവൾ മനുഷ്യന്റെ സ്വാർത്ഥ ലോകത്ത് സ്വയം ശുദ്ധീകരിക്കുന്ന, സ്വയം വൃത്തിയാക്കുന്ന, സ്വയം തന്നിൽതന്നെ മറഞ്ഞിരിക്കുന്ന നാണയത്തെ കണ്ടെത്തുന്ന ആളുകളുടെ പ്രതിനിധിയായി തോന്നും. ആഹ്ലാദം പങ്കിടാൻ വന്നവർ ആദ്യം കണ്ടത് അവളെയാണ്. ക്ഷണിച്ചവളെ വന്നവർ സൗഹൃദം കൊണ്ട് ആലിംഗനം ചെയ്തു. അപ്പോഴും വീണ്ടെടുപ്പിന്റെ ചൂൽ ആ കൈയിൽ തന്നെ. സൗഹൃദത്തിന്റെ ലഹരിയിൽ അവൾക്കു പറയാനുള്ള കഥ അവളെ കണ്ടെത്തിയ ചൂലിന്റെ കഥയാണ്. ചൂല് കണ്ടെത്തിയ നാണയത്തിന്റെ കഥയാണ്. അങ്ങനെ അവളുടെ കയ്യിലുള്ള ചൂല് തന്റെ ദൈവാനുഭവങ്ങളുടെ ശുദ്ധീകരണ അടയാളമായി മാറി.

ആനന്ദിന്റെ ബന്ധനം എന്ന കഥയിൽ പോലീസുകാർക്ക് വഴികാട്ടിയായി തീരുന്ന ഒരു കഥാപാത്രമുണ്ട് – മറ്റാരുമല്ല പോലീസുകാർ കോടതിയിൽ ഹാജരാക്കുവാൻ പ്രതി തന്നെയാണ്. റെയിൽവേ സ്റ്റേഷനിൽ നിന്നാണ് കൈരണ്ടും ബന്ധിതനായ പ്രതിയുമായി വിജനമായ നടപ്പാതയിൽ രാത്രിയിൽ നടന്നു നീങ്ങുന്നത്.

കഥ (ബന്ധനം)



(വഴി വലിയ ഗുണമില്ല. അറിയുന്നവരാരെങ്കിലുമുണ്ടെങ്കിൽ ഇയാൾക്കറിയാമായിരിക്കും?!' അയാൾ ചോദ്യരൂപത്തിൽ കൈദിയുടെ നേരെ നോക്കി.

"തനിക്കറിയാമോ?" ഓഫീസർ കൈദിയോട് ചോദിച്ചു.

"അറിയാം ബാബു," അയാൾ തല കുലുക്കി. "ഒരിക്കൽ പോയിട്ടുണ്ട്. വഴി മോശം തന്നെയാണ്. എങ്കിലും വിഷമമുണ്ടാവില്ല ബാബു, ഞാനുണ്ടല്ലോ."

സ്റ്റേഷൻ മാസ്റ്റർക്ക് നന്ദി പറഞ്ഞുകൊണ്ട് ഓഫീസർ എഴുന്നേറ്റു. കൈവിലങ്ങു വെച്ച കൈദിയും വിലങ്ങിൽ ചേർത്തു കെട്ടിയ കയറുമായി പോലീസുകാരനും അയാൾക്ക് പിന്നാലെയും. പോകുംവഴി അവർ എന്നോടു യാത്ര പറഞ്ഞു.)

അയാൾ തന്റെ വിധി പറയുന്ന കോടതിയിലേക്കുള്ള വഴി പോലീസ് ഉദ്യോഗസ്ഥർക്ക് കാട്ടിക്കൊടുക്കുന്നു. ഇടവഴിയുടെ സൗഹൃദം ഇതാണ്. ഇടവഴിയുടെ സത്യസന്ധത ഇതാണ്. കൈവിലങ്ങു വെച്ച കൈദി വിലങ്ങിൽ അവർക്ക് വഴികാട്ടിയാകുന്നു.

ജീവിതത്തിലെ എല്ലാ ബന്ധങ്ങളും ഒരുകാലത്തിനപ്പുറം ഓർമ്മകളും കഥകളുമായി മാറും, പോകേ പോകെ ആ ഓർമ്മകളെയും മറവിയുടെ മാറാല വന്ന് മൂടും ഇതല്ലേ ജീവിതം...

സ്വയം ചൂലെടുത്താൽ മാറാലകൾ മാറ്റാം...


സ്വയം ചൂലെടുത്താൽ സ്വന്തം നിധികൾ കണ്ടെത്താം...

അങ്ങനെ സുവിശേഷത്തിന്റെ സത്ത നിധി കണ്ടെത്തിയ ചൂലോളം എത്തിനിൽക്കുന്നു. ❑




കൽക്കട്ട ഭദ്രാസനത്തിലെ ഭിലായ് മാർ ഗ്രീഗോറിയോസ് ഓർത്തഡോക്സ് കത്തീഡ്രലിന്റെ കീഴിലുള്ള മാർ ഗ്രീഗോറിയോസ് ചാപ്പലിന്റെ പുനഃപ്രതിഷ്ഠയും, വിശുദ്ധ മൂന്നിന്മേൽ കുർബ്ബാനയും 2025 ജൂൺ 21, 22 തീയതികളിൽ അലക്സിയോസ് മാർ യൗസേബിയോസ് മെത്രാപ്പൊലീത്തായുടെ മുഖ്യകാർമ്മികത്വത്തിൽ നടത്തപ്പെട്ടു.

## പുസ്തകം




**മലങ്കരസഭയെ സ്നേഹിച്ച ബിഷപ്പ് പാക്കൻഹാം വാൽഷ്**

ബൈബിൾ പഠനങ്ങൾ, ഗാനപ്രഭാഷണങ്ങൾ

എഡിറ്റർ: ഡോ. പോൾ മണലിൽ

പ്രസാധകർ: എം.ഒ.സി. പബ്ലിക്കേഷൻസ്, കോട്ടയം

വില: 600 രൂപ




**ചക്രക്കസേരയിലെ മനസ്സ്**

(കവിതകൾ)

ഫാ. ജോൺ സ്ലീബാ മുഖത്തല

വില: 150 രൂപ



The Central Committee of the World Council of Churches (WCC) held its second meeting since the 11th Assembly (2022) in Johannesburg, South Africa, from 18 to 24 June 2025. The gathering brought together over 150 committee members, along with more than 100 advisors, observers, and guests from across the global ecumenical movement. Metropolitan HE Abraham Mar Stephanos, Metropolitan of the Diocese of UK Europe and Africa, represented the Indian (Malankara) Orthodox Church, as a member of the Faith and Order Commission. He is also the Chairman of the Research Study Group for Nicaea 2025.

The WCC Central Committee, which functions as the WCC's highest governing body between assemblies, meets every two years and is responsible for carrying out the policies adopted by the Assembly, reviewing and supervising programmes as well as the budget of the WCC. The WCC currently boasts memberships of 355 churches across more than 120 countries, representing over 500 million Christians from Orthodox, Anglican, Protestant, and other Christian traditions.






## നോമ്പ്

"ക്രിസ്തീയ സമൂഹത്തിന്റെ സംരക്ഷണത്തിനും ആത്മീയ വളർച്ചക്കും വേണ്ടി, അനുതാപത്തിന്റെയും പ്രാർത്ഥനയുടെയും സമയമായി, സഭ മുഴുവൻ ഒരുമിച്ചു ദൈവ മുമ്പാകെ വരുവാനുള്ള സമയമാണ് നോമ്പ്.

നോമ്പ് ദിവസങ്ങളിൽ മൽസ്യ-മാംസ വർജ്ജനം മാത്രമല്ല ഭക്ഷണവും പാനീയവും കൂടാതെ സന്ധ്യ വരെയോ, സാധ്യമല്ലെങ്കിൽ 3 മണിവരെയോ ഉപവസിക്കുക എന്നുള്ളതാണ് സഭ അനുശാസിക്കുന്നത്. അത് ജോലിക്കാരായ അൽമായാർക്ക് പലപ്പോഴും പ്രയാസമാണെന്നുള്ളത് നിസ്തർക്കം തന്നെ.

സഭയുടെ പാരമ്പര്യമനുസ്സരിച്ച് ഏറ്റവും പഴയ നോമ്പുകൾ ബുധനാഴ്ചയും വെള്ളിയാഴ്ചയും ഉള്ളതാണ്. അത് കഴിഞ്ഞാൽ പഴക്കം കൂടുതൽ ഉള്ളത് വലിയ നോമ്പിനാണ്. അപ്പോസ്തോലിക കാനോന 69 ഇങ്ങനെ പറയുന്നു:

'ഏതെങ്കിലും ഒരു എപ്പിസ്കോപ്പയോ, കശീശായോ, ശെമ്മാശ്ശനോ, കോറൂരായോ, മെസ്മെറോനോയോ ഉയിർത്തെഴുന്നേൽപ്പിന്റെ പരിശുദ്ധ 40 ദിവസത്തെ നോമ്പോ, ആഴ്ചവട്ടത്തിലെ നാലാം ദിവസമോ (ബുധനാഴ്ച) ഒരുക്ക ദിവസമോ (വെള്ളിയാഴ്ച) നോമ്പായി അനുഷ്ഠിക്കാതിരുന്നാൽ, ഏതെങ്കിലും ശരീര രോഗം മൂലമല്ലെങ്കിൽ, അയാളെ സ്ഥാനത്തു നിന്നും നീക്കണം. അല്മായക്കാരനാണെങ്കിൽ മുടക്കണം."

**- ഡോ പൗലോസ് മാർ ഗ്രീഗോറിയോസ്**

(എഡിറ്റോറിയൽ, പുരോഹിതൻ ത്രൈമാസിക, മെയ്-ജൂലായ്, 1988)

